8
2024
മേയ്
ബുധൻ
മേടം 25

NAUTICAL TIMES
KERALA


The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-5, Issue No.179 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-179 പേജ് 4. വില 2.00 രൂപ









02 ഭൂമി രജിസ്ട്രേഷന് നിയന്ത്രണം; വനാതിർത്തിയിൽ കർഷകർക്ക് ദുരിതം

03 ആദിവാസി കുടുംബങ്ങൾക്ക് ആശ്വാസം: വനംവകുപ്പ് കാട്ടുതേൻ സംഭരണം നടത്തും

04 പുനലൂർ ചെങ്കോട്ട റെയിൽവേ ലൈനിൽ പ്ലാറ്റ്ഫോമുകളുടെ ഉയരം കൂട്ടുന്നു


# കടലിലും ഉഷ്ണതരംഗം ലക്ഷദ്വീപിലെ പവിഴപ്പുറ്റുകൾ വൻതോതിൽ നശിക്കുന്നതായി പഠനം

കൊച്ചി: കടലിലെ ഉഷ്ണതരംഗത്തെ തുടർന്ന് ലക്ഷദ്വീപിലെ പവിഴപ്പുറ്റുകൾ വൻതോതിൽ നശിക്കുന്നതായി പഠനം. ദ്വീപ് മേഖലയിലെ പവിഴപ്പുറ്റ് ആവാസവ്യവസ്ഥയുടെ ഏറിയ പങ്കും ബ്ലീച്ചിംഗിന് വിധേയമായതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൻറെ (സിഎംഎഫ്ആർഐ) പഠനത്തിൽ കണ്ടെത്തി.



സമുദ്രത്തിലെ താപനില അസാധാരണമാംവിധം ഏറെക്കാലം ഉയർന്നുനിൽക്കുന്ന അപൂർവ കാലാവസ്ഥാ സ്ഥിതിയാണ് ഉഷ്ണതരംഗം. ഇത്തരം ഉഷ്ണതരംഗങ്ങൾ സമുദ്രത്തിലെ ജൈവവൈവിധ്യത്തിനും ആവാസവ്യവസ്ഥയുടെ സ്ഥിരതയ്ക്കും ഗുരുതരമായ ഭീഷണിയാണ് ഉയർത്തുന്നത്. താപ സമ്മർദം അളക്കുന്ന ഡിഗ്രി ഹീറ്റിംഗ് വീക്ക് (ഡിഎച്ച്ഡബ്ല്യൂ) സൂചകം ലക്ഷദ്വീപിൽ നാല് ഡിഗ്രി സെൽഷ്യസിന് മുകളിലാണ്. ഇതാണ് പവിഴപ്പുറ്റുകളുടെ നശീകരണത്തിനും അതുവഴി വൈവിധ്യമാർന്ന സമുദ്രജൈവസമ്പത്തിൻറെ തകർച്ചയ്ക്കും വഴിയൊരുക്കുന്നത്.

അമിതമായ താപസമ്മർദം കാരണം പവിഴപ്പുറ്റുകളിലെ സിംബയോട്ടിക് ആൽഗകൾ നശിക്കുന്നതാണ് ബ്ലീച്ചിംഗിന് കാരണമാകുന്നതെന്ന് സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ പറയുന്നു. ഡി.എച്ച്.ഡബ്ല്യൂ 12 ഡിഗ്രി സെൽഷ്യസിന് മുകളിൽ ഉയരുകയാണെങ്കിൽ അത്യസാധാരണമായ ജൈവവൈവിധ്യ പ്രതിസന്ധിക്കു കാരണമാകുമെന്ന് പഠനത്തിന് നേതൃത്വം നൽകിയ സിഎംഎഫ്ആർഐയിലെ സീനിയർ സയന്റിസ്റ്റ് ഡോ കെ.ആർ. ശ്രീനാഥ് പറഞ്ഞു. അന്തരീക്ഷത്തിലെ അമിതമായ ചൂടും സമുദ്രപ്രവാഹത്തിലെ മാറ്റവുമാണ് കടലിലെ ഉഷ്ണതരംഗത്തിൻറെ പ്രധാന കാരണങ്ങളെന്ന് സിഎംഎഫ്ആർഐ സീനിയർ സയൻറിസ്റ്റ് ഡോ ഷൽട്ടൺ പാദുവ പറഞ്ഞു. കഴിഞ്ഞ വർഷം ഒക്ടോബർ 27 മുതൽ ലക്ഷദ്വീപിൽ ഈ സാഹചര്യമാണുള്ളത്.

പവിഴപ്പുറ്റ് പോലുള്ള സമുദ്രജൈവവൈവിധ്യങ്ങളുടെ തകർച്ച വിനോദസഞ്ചാരത്തെയും മത്സ്യബന്ധന മേഖലകളെയും ബാധിക്കും. ഇത് തീരസമൂഹത്തിൻറെ ഉപജീവനത്തിനു ഭീഷണിയാണ്. കടൽപ്പുല്ല് പോലെയുള്ള മറ്റ് സമുദ്രസമ്പത്തിനും ഉഷ്ണതരംഗം ഭീഷണി ഉയർത്തുന്നു. ഈ സാഹചര്യം കടൽ ഭക്ഷ്യശൃംഖലയെ സാരമായി ബാധിക്കും. മീനുകളുടെയും സസ്തനികളുടെയും നിലനിൽപ്പിനെ ഇതപകടത്തിലാക്കും.

പവിഴപ്പുറ്റുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ധാരാളം പഠനങ്ങൾ സിഎംഎഫ്ആർഐ നടത്തിവരുന്നുണ്ട്. ഇന്ത്യയിലെ വിവിധ പവിഴപ്പുറ്റുകളുടെ പ്രതിരോധശേഷിയെക്കുറിച്ച് പഠിക്കാൻ ഒരു സമഗ്ര ദേശീയ ഗവേഷണ പദ്ധതി സിഎംഎഫ്ആർഐ തുടങ്ങിയിട്ടുണ്ട്.

വിപുലമായ കാലാവസ്ഥാ മോഡലിംഗ്, പാരിസ്ഥിതിക ഗവേഷണം എന്നിവ സമന്വയിപ്പിച്ച് പവിഴപ്പുറ്റുകളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്ന പഠനപരിപാലന പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

## മുഖ്യമന്ത്രി ഇന്തോനേഷ്യയിൽ; ബുധനാഴ്ച ചേരാനിരുന്ന മന്ത്രിസഭായോഗം മാറ്റി

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻ സ്വകാര്യ സന്ദർശനത്തിനായി ഇന്തോനേഷ്യയിലേക്കു പോയതിനാൽ ബുധനാഴ്ച ഓൺലൈനായി ചേരാൻ തീരുമാനിച്ചിരുന്ന മന്ത്രിസഭായോഗം മാറ്റിവച്ചു.

ബുധനാഴ്ച രാവിലെ 9.30ന് ഓൺലൈനായി മന്ത്രിസഭ ചേരുമെന്നായിരുന്നു മന്ത്രിമാരെ നേരത്തെ അറിയിച്ചിരുന്നത്. എന്നാൽ വൈകുന്നേരത്തോടെ മന്ത്രിസഭായോഗം തത്കാലം മാറ്റിവയ്ക്കുന്നതായി ചീഫ് സെക്രട്ടറി മന്ത്രിമാരെ അറിയിച്ചു. മന്ത്രിസഭായോഗത്തിൻറെ അജൻഡയിൽ ഒരു ഇനം മാത്രമുള്ള സാഹചര്യത്തിൽ ഈ ആഴ്ചത്തെ മന്ത്രിസഭ തത്കാലം ഒഴിവാക്കുന്നുവെന്നാണ് ചീഫ് സെക്രട്ടറിയുടെ നോട്ടിലുള്ളത്.

പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസും ഇന്തോനേഷ്യയിലാണ്. കഴിഞ്ഞ വ്യാഴാഴ്ച ചേർന്ന മന്ത്രിസഭയിൽ അടുത്ത ആഴ്ച ഓൺലൈനായിട്ടാകും മന്ത്രിസഭ ചേരുകയെന്നു മുഖ്യമന്ത്രി അറിയിച്ചിരുന്നു.

## ബിജെപിയുടെ വീഡിയോ പിൻവലിക്കാൻ നിർദേശിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ

ന്യൂഡൽഹി: കോൺഗ്രസ് രാജ്യത്ത് മുസ്ലിം പ്രീണനത്തിന് ശ്രമിക്കുന്നെന്ന് ആരോപിച്ച് ബി.ജെ.പി. കർണാടക ഘടകം പങ്കുവെച്ച ആനിമേറ്റഡ് വീഡിയോ നീക്കം ചെയ്യാൻ എക്സ് (ട്വിറ്റർ) അധികൃതരോട് ആവശ്യപ്പെട്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ. വിഷയത്തിൽ പോലീസ് എഫ്.ഐ.ആർ. ഫയൽ ചെയ്തിട്ടുള്ളതായും എക്സ് അധികൃതർ എത്രയും പെട്ടെന്ന് വീഡിയോ അവരുടെ പ്ലാറ്റ്ഫോമിൽ നിന്ന് ഒഴിവാക്കണമെന്നും കാണിച്ചാണ് ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ കത്തയച്ചിരിക്കുന്നത്.


കോൺഗ്രസ് പാർട്ടി മുസ്ലിം പ്രീണനത്തിനാണ് ശ്രമിക്കുന്നതെന്നും പിന്നാക്കവിഭാഗങ്ങൾക്ക് അവകാശപ്പെട്ട സംവരണവും ധനസഹായവുമെല്ലാം കോൺഗ്രസ് അട്ടിമറിയിലൂടെ മുസ്ലിംങ്ങൾക്ക് നൽകുന്നെന്നുമാണ് ബി.ജെ.പി. എക്സിൽ പങ്കുവെച്ച വീഡിയോയുടെ ഉള്ളടക്കം. കോൺഗ്രസ് പാർട്ടിയെ അപകീർത്തിപ്പെടുത്തുന്ന ഈ വീഡിയോ സാമൂഹ്യമാധ്യമങ്ങളിൽനിന്ന് ഒഴിവാക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നു കാണിച്ച് കർണാടകയിലെ കോൺഗ്രസ് നേതൃത്വം തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയിരുന്നു.

വീഡിയോയിലൂടെ ജനങ്ങൾക്കിടയിൽ വെറുപ്പും സ്പർധയും വളർത്താനാണ് ബി.ജെ.പി. ശ്രമിക്കുന്നതെന്ന് ചൂണ്ടിക്കാണിച്ച് കർണാടക കോൺഗ്രസ് ലീഗൽ യൂണിറ്റ് അംഗമായ രമേഷ് ബാബു പരാതി നൽകിയത്. കർണാടകയിലെ ബി.ജെ.പി. നേതാവ് ബി.വൈ. വിജയേന്ദ്രയ്ക്കെതിരെയാണ് അവർ പരാതി നൽകിയത്. ഇതിനു പിന്നാലെ വീഡിയോ നീക്കം ചെയ്യണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ ബി.ജെ.പിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, അവർ വീഡിയോ നീക്കംചെയ്യാതെ വന്നതോടെ ചൊവ്വാഴ്ചയാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതുസംബന്ധിച്ച് എക്സിന് ഔദ്യോഗികമായി കത്തയച്ചത്.

ബി.ജെ.പി. കർണാടക ഘടകം എക്സിൽ പങ്കുവെച്ചിട്ടുള്ള വീഡിയോ തിരഞ്ഞെടുപ്പ് ചട്ടങ്ങൾ ലംഘിക്കുന്ന തരത്തിലുള്ളതാണ്. അതുകൊണ്ടുതന്നെ ആ വീഡിയോ പിൻവലിക്കാൻ വേണ്ട നടപടികൾ എക്സ് അധികൃതർ എത്രയുംവേഗം കൈക്കൊള്ളണം. ഈ വിഷയത്തിൽ പോലീസ് എഫ്.ഐ.ആർ. തയ്യാറാക്കിയിട്ടുള്ളതായും തിരഞ്ഞെടുപ്പ് കമ്മീഷൻ എക്സ് അധികൃതർക്ക് അയച്ച കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കോൺഗ്രസ് നേതൃത്വത്തിന്റെ പരാതിക്ക് പിന്നാലെ ബി.ജെ.പി. ദേശീയ അധ്യക്ഷൻ ജെ.പി. നഡ്ഡ, ഐ.ടി. സെൽ മേധാവി അമിത് മാളവ്യ എന്നിവർക്കെതിരെ കർണാടക പോലീസ് കേസെടുത്തിരുന്നു.

## റഷ്യൻ പ്രസിഡന്റായി പുതിൻ അഞ്ചാം തവണയും അധികാരമേറ്റു

മോസ്കോ: രാഷ്ട്രീയ എതിരാളികളെയും പ്രതിപക്ഷത്തെയും നാമാവശേഷമാക്കി ആഞ്ചാംതവണയും റഷ്യൻ പ്രസിഡൻറ് സ്ഥാനത്ത് അവരോധിതനായി വ്ളാഡിമിർ പുതിൻ. മോസ്കോയിലെ ഗ്രാൻഡ് ക്രെംലിൻ പാലസിൽ നടന്ന സ്ഥാനാരോഹണ ചടങ്ങിലാണ് 71വയസ്സുകാരനായ പുതിൻ വീണ്ടും അധികാരം ഏറ്റെടുത്തത്.



മാർച്ചിൽ നടന്ന തിരഞ്ഞെടുപ്പിൽ പുതിൻ റെക്കോർഡ് വിജയമാണ് നേടിയത്. 87.8% വോട്ട് നേടിയാണ് പുതിൻ വിജയിച്ചത്. കാൽ നൂറ്റണ്ടോളം റഷ്യൻ ഭരണാധികാരിയായി തുടർന്ന പുതിന് ഇനി 2030 വരെ ഭരണത്തിലിരിക്കാം. 2022ലെ യുക്രൈൻ അധിനിവേശത്തിനു പിന്നാലെ പാശ്ചാത്യ രാജ്യങ്ങളിൽനിന്ന് വലിയ എതിർപ്പുകൾ റഷ്യ നേരിടുന്നതിനിടെയാണ് പുതിൻ വീണ്ടും പ്രസിഡൻറ് സ്ഥാനം കൈയ്യാളുന്നത്.

തനിക്കും ഭരണകൂടത്തിനുമെതിരേ ശബ്ദിച്ചവരെയെല്ലാം ഉന്മൂലനംചെയ്തുകൊണ്ടാണ് പുതിൻ അധികാരത്തിൽ തുടരുന്നത്. കഴിഞ്ഞ ഫെബ്രുവരിയിലായിരുന്നു പുതിന്റെ പ്രധാന രാഷ്ട്രീയ എതിരാളിയായിരുന്ന അലക്സി നവൽനിയുടെ ദുരൂഹമരണം. മറ്റ് പ്രധാന വിമർശകരെല്ലാം നാടുകടത്തപ്പെടുകയോ തടങ്കലിലാക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.

റഷ്യയുടെ ചരിത്രത്തിലെ ആദ്യ ത്രിദിന വോട്ടെടുപ്പായിരുന്നു ഇത്തവണത്തേത്. വിദൂര ഓൺലൈൻ വോട്ടിങ് സമ്പ്രദായം ആദ്യമായി ഏർപ്പെടുത്തിയെന്ന സവിശേഷതയുമുണ്ടായിരുന്നു. 11.4 കോടി വോട്ടർമാരാണ് റഷ്യയിലുള്ളത്. 19 ലക്ഷം പേർ വിദേശത്താണ്. അവർക്കായി ഇന്ത്യയുൾപ്പെടെ അതതുരാജ്യങ്ങളിലെ നയതന്ത്ര സ്ഥാപനങ്ങളിൽ പോളിങ് ബൂത്തുകൾ സ്ഥാപിച്ചിരുന്നു.

യുക്രൈന്റെയും യു.എസ്. ഉൾപ്പെടെയുള്ള പാശ്ചാത്യരാജ്യങ്ങളുടെയും കടുത്ത എതിർപ്പ് അവഗണിച്ച് 2014ൽ പിടിച്ചെടുത്ത ക്രൈമിയയിലും 2022ൽ ആരംഭിച്ച അധിനിവേശത്തിലൂടെ പിടിച്ചെടുത്ത യുക്രൈൻ പ്രവിശ്യകളിലും റഷ്യ തിരഞ്ഞെടുപ്പ് നടത്തി. ഇതിൽ പലതും റഷ്യൻ സൈന്യത്തിന്റെ ഭാഗിക നിയന്ത്രണത്തിലുള്ളതോ കനത്ത ഏറ്റുമുട്ടൽ നടക്കുന്നതോ ആയ പ്രദേശങ്ങളാണ്. യുക്രൈനിലെ അധിനിവേശം സംബന്ധിച്ച ഹിതപരിശോധനയാകുമെന്ന് വിലയിരുത്തപ്പെട്ട തിരഞ്ഞെടുപ്പിൽ പുതിന് ലഭിച്ച ഓരോ വോട്ടും യുദ്ധത്തിനുള്ള വോട്ടായിമാറി എന്നതാണ് യാഥാർഥ്യം.

## റഷ്യയിലേക്കുള്ള മനുഷ്യക്കടത്ത്; രണ്ടു പേർ അറസ്റ്റിൽ

തിരുവനന്തപുരം: റഷ്യൻ മനുഷ്യക്കടത്ത് കേസിൽ രണ്ടുപേരെ സിബിഐ അറസ്റ്റ് ചെയ്തു. വ്യാജ റിക്രൂട്ട്മെൻറ് ഏജൻസിയുടെ ചതിയിൽപെട്ട് റഷ്യയിലെ യുദ്ധമുഖത്ത് തിരുവനന്തപുരം സ്വദേശികൾ എത്തിയ സംഭവത്തിലാണ് അറസ്റ്റ്.

ഇടനിലക്കാരായ അരുൺ, പ്രിയൻ എന്നിവരെയാണ് സിബിഐ ഡൽഹി യൂണിറ്റ് പിടികൂടിയത്. റഷ്യൻ യുദ്ധമുഖത്തേക്ക് ആളുകളെ എത്തിക്കുന്ന റഷ്യൻ മലയാളി അലക്സിൻറെ മുഖ്യ ഇടനിലക്കാരാണ് അറസ്റ്റിലായത്.

തിരുവനന്തപുരം സ്വദേശികളെ റഷ്യയിലേക്ക് അയക്കുന്നതിനു മുന്പ് ആറു ലക്ഷത്തോളം രൂപ പ്രിയൻ കൈപ്പറ്റിയിരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ പ്രധാന റിക്രൂട്ട്മെൻറിന് നേതൃത്വം നൽകിയതും പ്രിയനാണെന്ന് അന്വേഷണ സംഘം കണ്ടെത്തിയിരുന്നു.

## കള്ളക്കടൽ പ്രതിഭാസം: കടലാക്രമണത്തിന് സാധ്യത

തിരുവനന്തപുരം: കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരള തീരത്ത് നാളെ രാവിലെ 11.30 മുതൽ രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്.

തെക്കൻ തമിഴ്നാട് തീരത്ത് നാളെ രാവിലെ 2.30 മുതൽ രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

മുന്നറിയിപ്പിൻറെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും അധികൃതർ നിർദേശിച്ചു.

## ഹരിയാനയിൽ ബിജെപി സർക്കാരിന് കേവലഭൂരിപക്ഷം നഷ്ടമായി

ചണ്ഡീഗഢ്: ലോക്സഭാ തിരഞ്ഞെടുപ്പ് പുരോ?ഗമിക്കുന്നതിനിടെ ഹരിയാണയിലെ ബിജെപി സർക്കാരിനെ പ്രതിസന്ധിയിലാക്കി മൂന്ന് സ്വതന്ത്ര എംഎൽഎമാർ പിന്തുണ പിൻവലിച്ചു. ഇതോടെ ഇതോടെ 90 അം?ഗ നിയമസഭയിൽ ബിജെപി സർക്കാരിന് കേവല ഭൂരിപക്ഷം നഷ്ടമായി.



കോൺഗ്രസിന് പിന്തുണ പ്രഖ്യാപിക്കുന്നതായും ഹരിയാണ സർക്കാരിനുള്ള പിന്തുണ പിൻവലിക്കുന്നതായും എംഎൽഎമാർ അറിയിച്ചു. നിയമസഭയിൽ എൻഡിഎ സഖ്യസർക്കാരിന്റെ എംഎൽഎമാരുടെ എണ്ണം 42 ആയി കുറഞ്ഞു. കോൺ?ഗ്രസ് ഉൾപ്പെട്ട ഇന്ത്യ സഖ്യത്തിന് 34 എംഎൽഎമാർ ആണുള്ളത്.

ഹരയാണ കോൺ?ഗ്രസ് അധ്യക്ഷൻ ഉദയ് ഭാൻ, ഹരിയാണ മുൻ മുഖ്യമന്ത്രി ഭൂപീന്ദർ സിങ് ഹൂഡ എന്നിവർ വിളിച്ചുചേർത്ത വാർത്താ സമ്മേളനത്തിലാണ് എംഎൽഎമാർ തീരുമാനം വ്യക്തമാക്കിയത്. കർഷകരുടെ വിവിധ വിഷയങ്ങൾകൂടി പരി?ഗണിച്ചുകൊണ്ടാണ് തങ്ങളുടെ നീക്കമെന്നും അവർ പറഞ്ഞു. സഭയിൽ കേവലഭൂരിപക്ഷം ഇല്ലാതായതിനാൽ നയാബ് സിങ് സൈനി സർക്കാർ ഉടൻ രാജിവെക്കണമെന്ന് കോൺ?ഗ്രസ് അധ്യക്ഷൻ ഉദയ് ഭാൻ ആവശ്യപ്പെട്ടു.

നേരത്തേ, മനോഹർ ലാൽ ഖട്ടറിന്റെ നേതൃത്വത്തിലുള്ള സർക്കാർ രാജിവെച്ചതിനുശേഷം നയാബ് സിങ് സൈനിയുടെ നേതൃത്വത്തിലുള്ള സർക്കാർ വന്നപ്പോൾ മുമ്പ് ബി.ജെ.പിക്ക് ജെ.ജെ.പി എംഎൽഎമാരുടെ പിന്തുണ നഷ്ടമായിരുന്നു. 10 എംഎൽഎമാർ ആണ് ജെജെപിക്കുള്ളത്. അതിനാൽ ജെജെപി എംഎൽഎമാരുടെ തീരുമാനം ഹരിയാണയിൽ നിർണായകമാകും

# മദ്യപിച്ച് ഡ്രൈവിംഗ്: ഒറ്റരാത്രിയിൽ 50 ഓളം കേസുകൾ

കാസർഗോഡ്: ഒരു രാത്രി നീണ്ട പോലീസ് സംയുക്ത പരിശോധനയിൽ ജില്ല ഒട്ടുക്കും 50 ഓളം കേസുകൾ രജിസ്റ്റർ ചെയ്തു. മദ്യലഹരിയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്താനായി ജില്ലയിലെ വിവിധ പോലിസ് സ്റ്റേഷൻ പരിധികളിൽ റോഡുകളിൽ രാത്രിസമയം വ്യാപക പരിശോധനയാണ് നടന്നത്. നിരവധി വാഹനങ്ങൾ പോലീസ് കസ്റ്റഡിയിലെടുത്തു. പരസ്യമദ്യപാനത്തിൽ ഏർപ്പെട്ടവരും കുടുങ്ങി. 30ഓളം മോട്ടോർ ബൈക്കുകൾ മാത്രം പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ബേഡകം സ്റ്റേഷൻ പരിധിയിൽ മദ്യപിച്ച് ബൈക്കോടിച്ച മൂന്നുപേരെ അറസ്റ്റ് ചെയ്തു. അമ്പലത്തറയിൽ രണ്ട് ഓട്ടോ ഡ്രൈവർമാരും ബേക്കലിൽ ബൈക്കോടിച്ച മൂന്നുപേരും കുടുങ്ങി.

ചന്തേര പരിധിയിൽ മദ്യപിച്ച് മിനിലോറി ഓടിച്ചയാളും ബൈക്കോടിച്ചയാളും അറസ്റ്റിലായി. ചിറ്റാരിക്കാലിലും ബൈക്കോടിച്ച ഒരാൾ കുടുങ്ങി. ചീമേനിയിൽ മദ്യലഹരിയിൽ ബഹളം വെച്ച ഒരാളെയും രാജപുരത്ത് പരസ്യമദ്യപാനത്തിലേർപ്പെട്ട രണ്ടുപേരെയും അറസ്റ്റ് ചെയ്തു. രാജപുരത്ത് ഒരു കൈയിൽ മൊബൈൽ ഫോൺ പിടിച്ച് ഒറ്റ കൈകൊണ്ട് ബൈക്കോടിച്ച യുവാവും കുടുങ്ങി. ഹൊസ്ദുർഗിൽ മദ്യലഹരിയിൽ ബൈക്കോടിച്ച രണ്ടുപേരും കാസർഗോഡ്, മഞ്ചേശ്വരം എന്നിവിടങ്ങളിൽ നാലുപേർ വീതവും കുടുങ്ങി. ആദൂരിൽ ബൈക്കോടിച്ച രണ്ടുപേരും കുമ്പളയിൽ മദ്യലഹരിയിൽ ലോറി, ബൈക്ക് എന്നിവ ഓടിച്ചവരും കുടുങ്ങി.

പരസ്യമദ്യപാനത്തിലേർപ്പെട്ട രണ്ടുപേരെ ബദിയടുക്കയിൽ അറസ്റ്റ് ചെയ്തു. മദ്യലഹരിയിൽ ബൈക്കോടിച്ച സംഭവത്തിൽ വിദ്യാനഗറിൽ ഒരാളെയും മേൽപറമ്പിൽ രണ്ടുപേരെയും അറസ്റ്റ് ചെയ്തു. ജില്ലാ പോലീസ് മേധാവിയുടെ നിർദേശപ്രകാരമായിരുന്നു പോലീസ് പരിശോധന.

# പ്രവാസികളുടെ വീടുകൾ കേന്ദ്രീകരിച്ചുള്ള കവർച്ചകൾ പെരുകുന്നു

കാസർഗോഡ്: ജില്ലയിൽ അടച്ചിട്ട വീടുകൾ കേന്ദ്രീകരിച്ചുള്ള കവർച്ചകൾ വ്യാപകമാകുന്നു. കൂടുതൽ മോഷണങ്ങളും നടക്കുന്നത് പ്രവാസികളുടെ വീടുകളിലാണ്. കഴിഞ്ഞ മാസം അടച്ചിട്ട വീടുകളിൽ മാത്രമായി നടന്ന കവർച്ചകളുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തത് എട്ടു കേസുകളാണ്.

കീഴൂരിലെ സുരേഷ്, ഉപ്പളയിലെ മുഹമ്മദ് ഹനീഫ, ബദിയടുക്ക ചേടിക്കാനയിലെ മുഹമ്മദ് ഷാഫി, ഉപ്പള ചികുർപാതയിലെ അബ്ദുൽ സത്താർ, ഉപ്പള മജലിലെ മുഹമ്മദ് റഫീഖ്, പ്രതാപ് നഗറിലെ മുനീർ, തൃക്കരിപ്പൂർ പേക്കടം പള്ളിച്ചാലിലെ എം. വി. രവീന്ദ്രൻ, ഉപ്പള മുഹമ്മദലി സ്ട്രീറ്റിലെ അബ്ദുൾ റസാഖ് എന്നിവരുടെ അടച്ചിട്ട വീടുകളിലാണ് കഴിഞ്ഞമാസം കവർച്ച നടന്നത്. പ്രവാസിയായ സുരേഷിൻറെ അടച്ചിട്ട വീട് കുത്തിത്തുറന്ന് 25 പവൻ സ്വർണവും 55,000 രൂപയുമാണ് കവർന്നത്.

സുരേഷും ഭാര്യയും ദുബായിലാണ്. സുരേഷിൻറെ വീട്ടുപറമ്പിലെ ചെടികൾക്ക് വെള്ളമൊഴിക്കാൻ വന്നവരാണ് കവർച്ച നടന്നതായി കണ്ടെത്തിയത്. ഉപ്പളയിലെ ഗൾഫ് വ്യവസായി മുഹമ്മദ് ഹനീഫയുടെ പൂട്ടിയിട്ട വീട് കുത്തിതുറന്ന് 5,000 രൂപ മോഷ്ടിച്ചു. ചേടിക്കാനയിലെ മുഹമ്മദ് ഷാഫിയുടെ അടച്ചിട്ട വീട്കുത്തിത്തുറന്ന് 15 പവൻ സ്വർണാഭരണങ്ങളാണ് കവർന്നത്. ഉപ്പള മജലിലെ മുഹമ്മദ് റഫീഖിൻറെ അടച്ചിട്ട വീടിൻറെ മുൻഭാഗത്തെ വാതിൽ തകർത്ത് ഏഴു പവൻ സ്വർണവും 60, 000 രൂപയും കവർച്ച ചെയ്തു.

റഫീഖും കുടുംബവും ഉംറക്ക് പോയ സമയത്തായിരുന്നു കവർച്ച. ചികുർപാതയിലെ അബ്ദുൾ സത്താറിൻറെ അടച്ചിട്ട വീടിൻറെ മുൻവശത്തെ വാതിൽ തകർത്ത് രണ്ടു പവൻ സ്വർണവും 20, 000 രൂപയുമാണ് കവർന്നത്. പ്രവാസിയായ പ്രതാപ് നഗറിലെ മുനീറിൻറെ പൂട്ടിയിട്ട വീടിൻറെ വാതിൽ തകർത്ത് അകത്തുകടന്ന സംഘം നാലരപവൻ സ്വർണവും 34,000രൂപയും സിസിടിവിയുടെ ഹാർഡ് ഡിസ്ക്കുമാണ് കവർന്നത്. വീട്ടുമുറ്റത്ത് നിർത്തിയിട്ട അപരിചിതരുടെ ബൈക്കുകൾ കണ്ട് എത്തിയ ബന്ധുവായ യുവാവിനെ മോഷ്ടാക്കൾ ഇരുമ്പ് വടികൊണ്ട് അടിച്ചുവീഴ്ത്തിയ ശേഷം രക്ഷപ്പെടുകയായിരുന്നു. മുംബൈയിലെ സ്വകാര്യ കമ്പനിയിൽ ജീവനക്കാരനായ പരുത്തിച്ചാലിലെ എ. വി. രവീന്ദ്രൻറെ അടച്ചിട്ട വീട് കുത്തിത്തുറന്ന് മോഷ്ടിച്ചത് 10 പവൻ സ്വർണ്ണവും 15,000 രൂപയുമാണ്. പ്രവാസിയായ ഉപ്പള മുഹമ്മദലി സ്ട്രീറ്റിലെ അബ്ദുൾ റസാഖിൻറെ അടച്ചിട്ട വീട് കുത്തിത്തുറന്ന് അഞ്ച് പവൻ സ്വർണവും 30, 000 രൂപയും കവർന്നു. ഈ സംഭവങ്ങളിലെല്ലാം പൊലീസ് കേസെടുത്ത് അന്വേഷണം നടത്തുന്നുണ്ടെങ്കിലും പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടില്ല.

സമ്പന്നരുടെയുംപ്രവാസികളുടെയും പൂട്ടിയിട്ട വീടുകളിൽ കവർച്ച നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ചില സംഘങ്ങൾ രംഗത്തിറങ്ങിയിരിക്കുന്നത്. സ്വർണാഭരണങ്ങളടക്കം വിലപിടിപ്പുള്ള വസ്തുക്കളും പണവും വീട്ടിനകത്തെ അലമാരയിലും മറ്റും സൂക്ഷിച്ചാണ് പലരും വീടു പൂട്ടി പോകുന്നത്. ഇത്തരം വീടുകൾ കൃത്യമായി നിരീക്ഷിച്ചാണ് സംഘം കവർച്ചക്കിറങ്ങുന്നത്.

# കുഴൽക്കിണർ നിർമാണത്തിനും ജലവിനിയോഗത്തിനുമുള്ള നിയന്ത്രണം ഒഴിവാക്കണമെന്നു കർഷകർ

ചിറ്റൂർ: കുഴൽക്കിണർ നിർമാണത്തിനും ഈ ജലം ഉപയോഗിച്ച് കൃഷി ചെയ്യുന്നതിനും ഉള്ള നിയന്ത്രണം അശാസ്ത്രീയമാണെന്നും പിൻവലിക്കണമെന്നും കർഷകർ. മറ്റൊരു നിവൃത്തിയും ഇല്ലാത്ത സാഹചര്യത്തിലാണ് ലക്ഷങ്ങൾ മുടക്കി കുഴൽ കിണർ നിർമിക്കുന്നതും ഭാഗ്യത്തിന് വെള്ളം കിട്ടിയാൽ കൃഷി ചെയ്യാൻ വെള്ളം ഉപയോഗിക്കുന്നതും.

500 അടി താഴ്ചയിൽ കുഴൽ കിണർ കുഴിക്കാൻ 70, 000 രൂപ ചെലവു വരും. വെള്ളം കിട്ടിയാൽ അഞ്ച് എച്ച്പി മോട്ടോർ വെക്കാനും കിണറിന് ഉള്ളിൽ നിന്ന് വെള്ളം എടുക്കുന്ന പൈപ്പിനും പാനൽ ബോർഡ്, മോട്ടോർഷെഡ്, മറ്റു ചിലവുകൾക്കും രണ്ട് ലക്ഷത്തിന് ഉള്ളിൽ ചെലവ് വരുന്നുണ്ട്.

ഇത്രയും പണം കടംവാങ്ങി കുഴൽകിണർ കുഴിച്ചാലും മൂന്ന് എച്ച്പി മോട്ടോർ വെക്കണമെന്നതാണ് വകുപ്പ് നിബന്ധന. മാത്രമല്ല പമ്പിൽ കൂടുതൽ വെള്ളം എടുക്കാതിരിക്കാൻ ഫ്ലോ കൺട്രോൾ വാൽവ് വെക്കണം.

വളരെ ആഴത്തിൽ നിന്ന് വെള്ളം വലിച്ചെടുക്കാൻ മൂന്ന് എച്ച്പി. മോട്ടോറിന് കഴിയാത്തതിനാൽ ജലലഭ്യതയിൽ കുറവുണ്ടാകും. ഇക്കാരണത്താൻ കൃഷി ചെയ്യണമെങ്കിൽ മൂന്നിരട്ടി സമയം മോട്ടോർ പ്രവർത്തിപ്പിക്കണം. കുടിവെള്ള കണക്ഷൻ വെള്ളം ദുരുപയോഗം തടയാൻ ഫ്ലോ കൺട്രോൾ വാൽവ് വെക്കുന്നത് പോലെ കൃഷിക്ക് വെക്കുന്നത് പ്രായോഗികമല്ല. കൃഷിനിലം ഉഴുതുമറിച്ച് നിരപ്പാക്കാനും രാസവളം ഉപയോഗിക്കാനും വെള്ളം ആവശ്യമാണ്. ഇതിൽ കുറവ് വരുത്തിയാൽ കൃഷിപ്പണി നടത്താൻ കഴിയില്ല. ഭൂഗർഭജലനിരപ്പ് ഉയർത്താൻ കുളങ്ങളും മിനി ഡാമുകളും ആഴപ്പെടുത്തലും മഴക്കുഴി എടുക്കലും പുതിയ ഡാമുകൾ നിർമിച്ച് മഴക്കാലത്ത് കിട്ടുന്ന വെള്ളം സംഭരിക്കലുമാണ് ചെയ്യേണ്ടത്. അനാവശ്യമായി വെളളം കൃഷിക്ക് ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യമുണ്ടാവില്ലെന്നും പുതിയ നിബന്ധനകൾ പുന: പരിശോധിക്കണമെന്നുമാണ് കർഷകരുടെ ആവശ്യം.

# ഭൂമി രജിസ്ട്രേഷന് നിയന്ത്രണം; വനാതിർത്തി മേഖലയിൽ കർഷകർക്ക് ദുരിതം

ആലക്കോട്: ഉദയഗിരി, ആലക്കോട്, വെള്ളാട് വില്ലേജുകളിലെ 292/1 എയിൽപ്പെട്ട 24,000 ഏക്കർ പ്രദേശത്തെ ഭൂമി കൈമാറ്റ രജിസ്ട്രേഷന് നിയന്ത്രണമേർപ്പെടുത്തി സർക്കാർ ഉത്തരവ് വന്നതോടെ ഈ മേഖലയിൽ ഭൂമി രജിസ്ട്രേഷൻ അവതാളത്തിലായി. ഭൂമി വനഭൂമിയിൽപ്പെട്ടതല്ലെന്ന് അതാത് വില്ലേജ് ഓഫീസർമാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാലേ ഇനി മുതൽ രജിസ്ട്രേഷൻ നടപടിയുമായി മുന്നോട്ടു പോകാനാകൂ.

അന്വേഷണം നടത്തി സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം വരുന്നത് കർഷകരിൽ കടുത്ത പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്. വനവുമായി അതിർത്തി പങ്കിടാത്ത പ്രദേശങ്ങളിൽ പോലും ഭൂമി രജിസ്ട്രേഷൻ ചെയ്യുന്നതിന് സർക്കാരിൻറെ പുതിയ നിയന്ത്രണം തടസം സൃഷ്ടിക്കുന്നതായി പരാതിയുണ്ട്. വന്യമൃഗശല്യവും കാർഷിക മേഖലയിലെ തകർച്ചയും കാരണം ദുരിതത്തിലായ കർഷകർക്ക് സർക്കാരിൻറെ ഈ നടപടി തിരിച്ചടിയായി. അതോടൊപ്പം സർക്കാരിന് രജിസ്ട്രേഷൻ വഴിയുള്ള വരുമാനത്തെയും ഇതു ബാധിച്ചു. കർണാടക വനംവകുപ്പ്മുണ്ട് റോട്ട് റേഞ്ച് അതിർത്തിയിലെ തളിപ്പറമ്പ് താലൂക്കിൻറെ ഭൂമിയിൽ രജിസ്ട്രേഷന് കർണാടകയിലെ മടിക്കേരി, വീരാജ്പേട്ട ഡിഎഫ്ഒമാരുടെ സർട്ടിഫിക്കറ്റ് വേണം. നേരത്തെ അതത് പ്രദേശത്തെ കർണാടക വനംവകുപ്പ് ഫോറസ്റ്ററുടെ ഓഫീസിൽ അപേക്ഷ നൽകി സ്ഥലം കർണാടകത്തിൽപ്പെട്ടതല്ലെന്ന് സർട്ടിഫിക്കറ്റ് വാങ്ങി അതുകൂടി ചേർത്തായിരുന്നു ഡിഎഫ്ഒമാർക്ക് അപേക്ഷ നൽകിയിരുന്നത്. ഇതുമൂലം ഉടൻ തന്നെ സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു.

ഇപ്പോൾ ഫോറസ്റ്റ് ഓഫീസിൽ അപേക്ഷ സ്വീകരിച്ച് സർട്ടിഫിക്കറ്റ് നൽകുന്നില്ല. ഇതുമൂലം അതിർത്തി മേഖലയിൽ നിരവധി കുടുംബങ്ങൾ ദുരിതത്തിലാണ്. ഉദയഗിരി പഞ്ചായത്തിലെ മാമ്പൊയിൽ, ജോസ്ഗിരി, ചീക്കാട് മേഖലയിൽ മാത്രം 150 ലധികം കർഷകർ സർട്ടിഫിക്കറ്റ് കിട്ടാതെ ദുരിതത്തിലാണ്. സാങ്കേതിക പ്രശ്നം പറഞ്ഞ് കർഷകരെ നിരവധി തവണ ഓഫീസുകളിൽ കയറി ഇറങ്ങി നടത്തുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഈ ദുരിതത്തിന് പരിഹാരം ഉണ്ടാക്കണമെന്നാണ് ഈ പ്രദേശത്തെ ജനങ്ങളുടെ ആവശ്യം.

# പറമ്പിക്കുളത്തു മൂന്ന് ആദിവാസി ഊരുകളിൽ കുടിവെള്ളമില്ലാതെ പരക്കംപാച്ചിൽ

മുതലമട: പറമ്പിക്കുളം ആദിവാസി ഊരുകളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷം. സ്ത്രീകൾ ദീർഘദൂരം കാടുകളിൽ ചുറ്റി ഉറവകൾ കണ്ടെത്തി കുടങ്ങളിൽ വെള്ളം ശേഖരിച്ച് മടങ്ങുന്ന കാഴ്ച ദയനീയമാണ്.

തേക്കടി, അല്ലിമൂപ്പൻ കോളനി, ഒറവമ്പാടി കോളനികളിൽ 200 ൽപ്പരം കുടുംബങ്ങളാണുള്ളത്. മഴയില്ലാത്തതിനാലും, കൊടുംചൂടിലും കോളനിവാസികൾ ശുദ്ധജലത്തിനായി നെട്ടോട്ടം തുടങ്ങിയിരിക്കുകയാണ്.

ഉറവകൾ തേടി പോകുന്നതിനിടെ ആന, കാട്ടുപോത്ത് എന്നിവയുടെ മുന്നിൽ പെടാതെ വീട്ടിൽ തിരിച്ചെത്തുന്നത് അതിസാഹസമാണ്. ഈ പ്രദേശങ്ങളിലേക്ക് മുതലമടയിൽ നിന്നും ലോറി വെള്ളം എത്തിക്കുന്നതും പ്രായോഗികമല്ല. മുതലമട പഞ്ചായത്തിൽ 73 കോടി ചെലവിൽ ജലജീവൻ പദ്ധതികളിൽ നടപ്പിലാക്കിവരുന്നത് അശാസ്ത്രീയമാണെന്ന ജനങ്ങളുടെ പരാതിയും ശക്തമാണ്. നല്ല വെള്ളം ഉപഭോക്താക്കൾക്ക് എത്തിക്കാനാണ് ജലജീവൻ മിഷൻ 73 കോടി അനുവദിച്ചത്.

എന്നാൽ ജലലഭ്യത കണക്കിലെടുക്കാതെയും ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കാതെയുമാണ് ജലജീവൻ മിഷൻ പദ്ധതി നടത്തിവരുന്നത്.

2023 ഒക്ടോബറിൽ പൂർത്തിയാക്കാനാണ് നിർദേശം നൽകിയത്. എന്നാൽ പദ്ധതി പൂർത്തിയാവാത്തതിനാൽ ആറുമാസം സമയം നീട്ടി കൊടുത്തിട്ടുണ്ട്. എന്നാൽ കേന്ദ്രഫണ്ട് ലഭിക്കാത്തതാണ് നിർമാണ കാലതാമസത്തിനു കാരണമെന്നാണ് അധികൃതർ ചൂണ്ടിക്കാട്ടുന്നത്.

ഇക്കഴിഞ്ഞ ദിവസം മുതലമട ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ് എന്നിവരുടെ നേതൃത്വത്തിൽ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങൾ സന്ദർശിച്ച് വിവര ശേഖരണം നടത്തിയിരുന്നു.

ജൂൺ 4 വരെ തെരഞ്ഞെടുപ്പ് ചട്ടം നിലവിലുള്ളതിനാൽ ജലക്ഷാമ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഒരു പ്രവർത്തികളും നടത്താൻ കഴിയില്ലെന്ന് ജലജീവൻ മിഷൻ അധികൃതർ കൈമലർത്തുകയാണ് ചെയ്തിരിക്കുന്നത്. പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ മുതലമട പഞ്ചായത്ത് ഭരണസമിതി ഒരു ടാങ്കർ ലോറി വാങ്ങാൻ കളക്ടർക്കും മറ്റും നൽകിയ നിവേദനം അവഗണിക്കപ്പെട്ട നിലയിലാണ്.

മുതലമട പഞ്ചായത്തിലാണ് പറമ്പിക്കുളം അണക്കെട്ട് ഉള്ളത്. എന്നാൽ സംസ്ഥാനത്തേക്ക് വിതരണം ചെയ്യപ്പെടുന്ന കരാർ ജലം മുതലമട പഞ്ചായത്ത് പ്രദേശങ്ങളിലേ ക്ക് വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ജലസേചനവകുപ്പ് ചിറ്റമ്മനയം കൈ കൊള്ളുന്നതായും ആരോപണമുണ്ട്.

# പാലക്കുഴി ഉൾപ്പെടെ മലയോരങ്ങളിൽ ജീവികൾക്കു വംശനാശ ഭീഷണി

വടക്കഞ്ചേരി: ചിൽ ചിൽ ശബ്ദമുണ്ടാക്കി വീട്ടു പരിസരത്തെ മരങ്ങളിലും പുരപ്പുറത്തുമെല്ലാം ഓടി കളിച്ചിരുന്ന അണ്ണാൻ പടേ കുറയുന്നതായി കണ്ടെത്തൽ. പാലക്കുഴി ഉൾപ്പെടെയുള്ള മലയോര മേഖലയിൽ കാക്കകളില്ല.

സ്വാഭാവിക തേനീച്ച കൂടുകളും അപൂർവ കാഴ്ചയാകുന്നു. എന്നാൽ എലി ശല്യം കൂടുതലാണെന്ന വിലയിരുത്തലാണ് കർഷകർ നടത്തുന്നത്.

കടുത്ത ചൂടും മറ്റു കാലാവസ്ഥ വ്യതിയാനവുമാണോ ഈ ചെറുജീവികളുടെ കുറവിന് കാരണമാകുന്നത്. ഇതിനെക്കുറിച്ച് പഠനം വേണമെന്ന ആവശ്യവും ഉയരുകയാണ്.

ചക്കയും മാങ്ങയുമെല്ലാം പഴുക്കുന്ന ഈ സീസണിൽ പോലും എവിടേയും അണ്ണാൻമാരെ കൂട്ടത്തോടെ കാണുന്നില്ല. മരത്തിലൂടെ ഓടിക്കളിച്ച് ജീവിതം ആർത്തുല്ലസിച്ചിരുന്ന ഈ ചെറുജീവികൾക്ക് എന്ത് സംഭവിച്ചു എന്ന ചോദ്യങ്ങൾ പ്രസക്തമാവുകയാണ്. മനുഷ്യരുമായി പെട്ടെന്ന് ഇണങ്ങുന്ന ജീവിയായിരുന്നതു കൊണ്ടാകണം ഇവയുടെ അഭാവവും ശ്രദ്ധിക്കാൻ തുടങ്ങിയത്. അണ്ണാൻ മൂത്താലും മരക്കയറ്റം മറക്കില്ല എന്നൊക്കെയുള്ള പഴഞ്ചൊല്ല് ഇനി വെറുതെയാകുമോ.

വീട്ടുവളപ്പിൽ മറ്റു ക്ഷുദ്ര ജീവികളോ വന്യമൃഗങ്ങളോ വന്നാൽ മരക്കൊമ്പിലോ പുരപ്പുറത്തോ കയറി സ്വയരക്ഷ ഉറപ്പാക്കുന്നതിനൊപ്പം ശബ്ദമുണ്ടാക്കി അപകടം അറിയിച്ചിരുന്ന അണ്ണാൻമാർ ഇല്ലാതാകുന്നതിൻറെ വിനകളും കർഷകർ തിരിച്ചറിയുന്നു. കാക്കകളുടെ കുറവും ശ്രദ്ധേയമാവുകയാണ്. മുമ്പത്തേതുപോലെ കാക്കകളെയും കാണാനില്ല. വീടുകളിൽ മത്സ്യ, മാംസം കഴുകുകയോ നന്നാക്കുകയോ ചെയ്യുമ്പോൾ കാക്കകൾ നിറഞ്ഞ് ശല്യമാകുന്ന സ്ഥിതി ഇപ്പോഴില്ലെന്നാണ് സ്ത്രീകളും പറയുന്നത്. പാലക്കുഴി പോലെയുള്ള മലയോര മേഖലയിൽ കാക്കയെ കണ്ട കാലം മറന്നു. ഒരു കാക്കക്കുഞ്ഞിൻറെ കുഞ്ഞിക്കാലു കാണാൻ പാലക്കുഴിക്കാർക്ക് മലയിൽനിന്നും താഴെ ഇറങ്ങണം. പാലക്കുഴിയിലെ കുട്ടികൾ കാക്കകളെ കാണുന്നത് 18 കിലോമീറ്റർ യാത്രചെയ്ത് വടക്കഞ്ചേരിയിൽ വരുമ്പോഴാണ്.

കാക്കകൾ മനുഷ്യരുടെ വളരെ അടുത്തു വരുന്നതൊക്കെ പാലക്കുഴിക്കാർക്ക് കൗതുകക്കാഴ്ചകൾ. കാക്കകരച്ചിൽ നഗരവാസികൾക്കു ബോറടിപ്പിക്കുന്ന ശബ്ദമാണെങ്കിലും മലയോര വാസികൾക്കത് പുതുശബ്ദമായാണ് അനുഭവപ്പെടുക.

വടക്കഞ്ചേരിക്കടുത്ത് പാളയത്തിന് കാക്കപ്പാളയം എന്നാണ് പേരുതന്നെ. സന്ധ്യയായാൽ ഇവിടത്തെ മരങ്ങളും വൈദ്യുതി ലൈനുകളും കെട്ടിടങ്ങളുമെല്ലാം കാക്കകളുടെ താവളമാണ്.

എന്നാൽ കാക്കപ്പാളയത്തും കാക്കകളുടെ കുറവുണ്ടെന്നാണ് പറയുന്നത്. കാക്കകളും അണ്ണാനും നന്നേ കുറഞ്ഞുവരുമ്പോൾ എലിശല്യത്തിന് വലിയ കുറവില്ലെന്നാണ് കർഷകർ പറയുന്നത്.

കൊക്കോ തോട്ടങ്ങളിൽ ഇപ്പോൾ എലിശല്യം രൂക്ഷമാണ്. മരത്തിൽ കയറി കായ് തുരന്ന് തിന്നും. കൊക്കോയ്ക്ക് ഉയർന്ന വില നിലനിൽക്കുന്നതിനാൽ എലിശല്യം മറികടക്കാനുള്ള ഉപാധികൾ തേടുകയാണ് കൊക്കോ കർഷകരും.

പലവിധ കേടുകളായി ഫലവൃക്ഷങ്ങളുടെ പരാഗണത്തിനു സഹായിക്കുന്ന തേനീച്ചകളും കുറഞ്ഞു. കൂടുകളിൽ വളർത്തുന്ന ഈച്ചയല്ലാതെ സ്വാഭാവികമായ തേനീച്ചക്കൂടുകൾ ഇപ്പോൾ അപൂർവമാണ്. പല പക്ഷികളുടെ എണ്ണത്തിലും കുറവു വരുന്നതായും ചൂണ്ടിക്കാട്ടുന്നുണ്ട്.

# കലിതുള്ളി കാട്ടാനകൾ

റാണിപുരം: കുണ്ടുപ്പള്ളിയിൽ ഇന്നലെ രാത്രിയിൽ ജനവാസ കേന്ദ്രത്തിൽ ആനയിറങ്ങി കൃഷി നശിപ്പിച്ചു. മാസങ്ങളായി റാണിപുരത്തും സമീപ പ്രദേശങ്ങളിലും ആനശല്യം രൂക്ഷമാണ്. ഇന്നലെ രാത്രി കുണ്ടുപ്പള്ളിയിലെ പി. യോഗേഷ് കുമാറിൻറെ തോട്ടത്തിലാണ് ആനയിറങ്ങിയത്. പറമ്പിൽ ഉണ്ടായിരുന്ന വാഴകളും തെങ്ങിൻ തൈകളും തിന്നതിന് ശേഷം നേരം വെളുക്കുന്നതിന് മുമ്പേ തിരിച്ചു പോയി.

കാട്ടിൽ തീറ്റയും വെള്ളവും കുറഞ്ഞതും ആനശല്യം തടയുന്നതിനായി നിർമിച്ച സോളാർ വേലി പലയിടങ്ങളിലും തകരാറിലായതുമാണ് ആനകൾ വ്യാപകമായി നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുവാൻ കാരണം. ആദ്യമായാണ് ഈ പ്രദേശത്ത് ആനയിറങ്ങുന്നത്.

നിരവധി വീടുകളുള്ള ഈ പ്രദേശത്ത് ആന ഇറങ്ങിയത് നാട്ടുകാരിൽ ഭീതി ഉളവാക്കിയിട്ടുണ്ട്. ആനയിറങ്ങി കൃഷി നശിപ്പിക്കുമ്പോൾ സാന്ത്വന വാക്കുകൾക്കപ്പുറം അധികാരികൾ ഒന്നും ചെയ്യുന്നില്ല എന്നതാണ് ജനങ്ങളുടെ പരാതി. അടിയന്തിരമായി സോളാർ വേലികൾ അറ്റകുറ്റപ്പണികൾ നടത്തി ആന ശല്യം തടയാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം എന്നാണ് ജനങ്ങളുടെ ആവശ്യം. വനംവകുപ്പ് വാച്ചർമാർ സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി.

റാണിപുരം ഭാഗത്ത് ആന ഇറങ്ങിയതിനെ തുടർന്ന് കഴിഞ്ഞമാസം ജില്ലാ കലക്ടർ വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനിച്ച രക്ഷാ പദ്ധതികൾ ഒന്നും ഇതുവരെയും തുടങ്ങിയിട്ടില്ല. ലോക്സഭ ഇലക്ഷനുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനെത്തുടർന്ന് ഇതിനായുള്ള പേപ്പർ വർക്കുകൾ ഒന്നും നടക്കാത്തതാണ് തീരുമാനങ്ങൾ നടപ്പിലാക്കാൻ വൈകുന്നത്. കേരളത്തിലെ ഇലക്ഷൻ കഴിഞ്ഞതോടെ എത്രയും വേഗത്തിൽ പേപ്പർ വർക്കുകൾ പൂർത്തിയാക്കി തീരുമാനങ്ങൾ നടപ്പിലാക്കുമെന്ന് അധികൃതർ പറഞ്ഞു.

# വാഹന പാർക്കിംഗിന് ഇടമില്ല: വെള്ളനാട്ട് യാത്രക്കാർ ദുരിതത്തിൽ

നെടുമങ്ങാട്: വെള്ളനാട് വാഹന പാർക്കിംഗിന് സൗകര്യമില്ലാത്തത് നാട്ടുകാരെ ദുരിതത്തിലാക്കുന്നു. വിവിധ ആവശ്യങ്ങൾക്കായി വെള്ളനാട് എത്തുന്നവർക്ക് വാഹനങ്ങൾ പാർക്ക് ചെയ്യാൻ മതിയായ സൗകര്യങ്ങളില്ലാത്തത് നാട്ടുകാരെയും മറ്റു യാത്രക്കാരെയും ബുദ്ധിമുട്ടിലാക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. കാറിൽ എത്തുന്നവർക്കാണ് ഏറെയും ദുരിതം. വീതി കുറഞ്ഞ റോഡിൽ വാഹനം പാർക്ക് ചെയ്യാനാവാതെ ബുദ്ധിമുട്ടുകയാണ്. കാർ പാർക്കു ചെയ്ത ശേഷം സാധനങ്ങൾ വാങ്ങാൻ പോകുന്നവർ മടങ്ങിവരുമ്പോൾ മറ്റു വാഹനങ്ങൾ കാറിലിടിച്ച് കേടുപാടുകൾ സംഭവിക്കുന്നത് പതിവാണ്. ഇരുചക്ര വാഹനങ്ങളാകട്ടെ തോന്നും പോലെയാണ് ടൗണിൽ പാർക്ക് ചെയ്യുന്നത്.

ഇതുകാരണം വെള്ളനാട് ജംഗ്ഷൻ, ഭഗവതി ക്ഷേത്രത്തിന് സമീപത്തെ സ്കൂൾ ജംഗ്ഷൻ, വെള്ളനാട് ചന്തയ്ക്കും സബ് രജിസ്ട്രാർ ഓഫീസിനും ഇടയ്ക്കുള്ള സ്ഥലം, ജംഗ്ഷൻ മുതൽ കെഎസ്ആർടിസി ഡിപ്പോവരെയുള്ള റോഡ് എന്നിവിടങ്ങളിൽ കാൽനട യാത്രക്കാർക്ക് സഞ്ചരിക്കാൻ പോലും പറ്റാത്ത അവസ്ഥയാണുള്ളത്.

നാട്ടുകാർക്ക് റോഡ് മുറിച്ചുകടക്കാൻ കഴിയാത്ത വിധം സീബ്രാലൈനുകളിൽ പോലും വാഹനങ്ങൾ പാർക്ക് ചെയ്യുകയാണ്. അനധികൃത പാർക്കിംഗുകൾ കാരണം അപകടങ്ങളും പതിവാണ്.

# നിളാ തടത്തിൽ നിളയോരം പാർക്ക് നിർമാണം അന്തിമഘട്ടത്തിൽ

ഷൊർണൂർ: നിളയോരം പാർക്ക് നിർമാണം അന്തിമഘട്ടത്തിൽ. പാർക്കിൻറെ നിർമാണ പ്രവൃത്തികൾ ഉടൻ പൂർത്തിയാക്കാനാണ് തീരുമാനം.

പട്ടാമ്പി നഗരത്തിലെ ഭാരതപ്പുഴയുടെ തീരത്തെ കൈയേറ്റഭൂമി തിരിച്ചുപിടിച്ചാണ് എംഎൽഎ ഫണ്ടിൽ നഗരസഭ പാർക്ക് നിർമാണത്തിന് സ്ഥലം കണ്ടെത്തിയത്.

74 സെൻറാണ് പാർക്കിനായി സ്വകാര്യ വ്യക്തികളിൽ നിന്നടക്കം തിരിച്ചുപിടിച്ചത്. എൽഡിഎഫും വി ഫോർ പട്ടാമ്പിയും ചേർന്നാണ് നഗരസഭ ഭരിക്കുന്നത്. സിപിഎമ്മിലെ ഒ. ലക്ഷ്മിക്കുട്ടി നഗരസഭാധ്യക്ഷയും വി ഫോർ പട്ടാമ്പി മുന്നണിയിലെ ടി. പി. ഷാജി ഉപാധ്യക്ഷനുമായുള്ള നഗരസഭാ ഭരണസമിതിയുടെ ധീരമായ നടപടികളുടെ ഭാഗമായാണ് കൈയേറ്റഭൂമി തിരിച്ചുപിടിക്കാനായത്.

നഗരസഭയുടെയും റവന്യു വകുപ്പിൻറെയും നടപടികളുടെ ഭാഗമായും മുഹമ്മദ് മുഹസിൻ എംഎൽഎയുടെ ഇടപെടലിൻറെ ഭാഗമായും പാർക്കിനുള്ള സ്ഥലം ഒരുങ്ങിയതോടെ എംഎൽഎ പാർക്ക് നിർമാണത്തിൻറെ ആദ്യഘട്ടമായി പ്രാദേശിക വികസന ഫണ്ടിൽ നിന്നും 90 ലക്ഷം രൂപ അനുവദിച്ചു.

ഇതോടെ നിർമാണം തുടങ്ങി. പാർക്ക് നിർമാണത്തെ!ാടെ!ാപ്പം ഭാരതപ്പുഴ സംരക്ഷണവും ലക്ഷ്യമിട്ട പദ്ധതിയുടെ ഒന്നാംഘട്ട നിർമാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

തിരിച്ചുപിടിച്ച കൈയേറ്റഭൂമിയിലെ കെട്ടിടങ്ങളും ഭിത്തികളുമെല്ലാം മണ്ണുമാന്തി യന്ത്ര സഹായത്തോടെ ഇടിച്ചുപെ!ാളിച്ച് ഭൂമി നികത്തിയാണ് പാർക്കിനുള്ള സ്ഥലമെ!ാരുക്കിയത്. തുടർന്ന് ചുറ്റുമതിലും പുഴയുടെ ഭാഗത്ത് ഭിത്തിയുടെ കേടുതീർത്ത് മുകളിൽ ഗ്രില്ലുകൾ സ്ഥാപിക്കുകയും ചെയ്തു.

പാർക്കിനകത്ത് കല്ലുകൾ വിരിച്ച് നടവഴിയെ!ാരുക്കി. കിഴായൂർ റോഡിൽ നിന്നും ഇ. പി. സ്മാരക മന്ദിരത്തിന് സമീപത്തുകൂടി പാർക്കിലേക്ക് പ്രവേശന കവാടം നിർമാണം പൂർത്തിയാക്കി.

അലങ്കാരവിളക്ക് സ്ഥാപിക്കൽ, മരങ്ങളും ചെടികളും വച്ചുപിടിപ്പിക്കൽ, ഇരിപ്പിടങ്ങൾ സ്ഥാപിക്കൽ, കുട്ടികളുടെ പാർക്ക്, കളിയുപകരണങ്ങൾ സ്ഥാപിക്കൽ, ഓപ്പൺ ജിം, ആംഫി തിയറ്റർ ഒരുക്കൽ എന്നിവയാണ് ഇനിയുള്ള പ്രവൃത്തികൾ.

ഇതിനാവശ്യമായ 50 ലക്ഷം രൂപ കൂടി അനുവദിച്ചതായി മുഹമ്മദ് മുഹസിൻ എംഎൽഎ അറിയിച്ചു. പുഴയുടെ തീരത്ത് 74 സെൻ്റിൽ 252 മീറ്റർ നീളത്തിലുള്ള പാർക്ക് വരുന്നതോടെ ടൗണിൻ്റെ മുഖഛായ മാറും. പുഴയോരം വർഷങ്ങളോളം കാട് പിടിച്ച് കിടന്നിരുന്നപ്പോൾ പുഴയിലേക്ക് ടൗണിലെ മാലിന്യങ്ങൾ തള്ളിയിരുന്ന സ്ഥലത്താണ് പാർക്ക് ഒരുക്കുന്നത്. പട്ടാമ്പിക്കാർക്ക് സായാഹ്നങ്ങളിലും ഒഴിവുദിനങ്ങളിലും സമയം ചെലവഴിക്കാനുള്ള ഇടമായി 'നിളയോരം' പാർക്ക് മാറും. നിലവി പട്ടാമ്പിയിലുള്ളവർ കിലോമീറ്ററുകൾ യാത്ര ചെയ്ത് തൃത്താല വെള്ളിയാങ്കല്ല് പൈതൃക പാർക്കിനെയായാണ് ഉപയോഗപ്പെടുത്തുന്നത്.

# ആദിവാസി കുടുംബങ്ങൾക്ക് ആശ്വാസം: വനംവകുപ്പ് കാട്ടുതേൻ സംഭരണം നടത്തും

നിലമ്പൂർ: വനം വകുപ്പ് നിർത്തിവച്ച കാട്ടുതേൻ സംഭരണം പുനരാരംഭിക്കുന്നു. പൊതുവിപണിയിൽ വിലയില്ലാതായതോടെ കാട്ടുതേൻ വിൽക്കാൻ മാർഗമില്ലാതെ ആദിവാസി കുടുംബങ്ങൾ ദുരിതത്തിലായത് വാർത്തയായതിനെ തുടർന്നാണ് വനംവകുപ്പ് താത്കാലിക തേൻ സംഭരണം തുടങ്ങുന്നത്. കിലോക്കണക്കിന് കാട്ടുതേനാണ് ആദിവാസി ഊരുകളിലും പട്ടികവർഗ സൊസൈറ്റികളിലും വനം വകുപ്പിൻറെ ഇക്കോ ഷോപ്പുകളിലും കെട്ടിക്കിടന്നിരുന്നത്.

ഇതു ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ആദിവാസികൾക്ക് അൽപ്പമെങ്കിലും ആശ്വാസമാകുന്നതിനായി ഓരോ വനസംരക്ഷണസമിതിയിൽ നിന്നു 200 കിലോഗ്രാം വീതം തേൻ സംഭരിക്കാൻ നിലമ്പൂർ നോർത്ത് ഡിഎഫ്ഒ പി. കാർത്തിക് നിർദേശം നൽകി.

ആദിവാസികൾ ഉൾക്കാടുകളിൽ പോയി ശേഖരിച്ചാണ് കാട്ടുതേൻ കൊണ്ടുവരുന്നത്. വനം വകുപ്പും പട്ടികവർഗ സൊസൈറ്റികളും ഈ തേൻ സംഭരിച്ചാണ് ചെറുകിട വിൽപ്പന നടത്തിവന്നിരുന്നത്.

എന്നാൽ പട്ടികവർഗ സൊസൈറ്റികളും വനം വകുപ്പും ശേഖരിച്ച തേൻ വിൽക്കാനാകാത്തതിനാൽ അവർ തുടർ സംഭരണം നിർത്തിയതാണ് ആദിവാസികൾക്ക് തിരിച്ചടിയായത്. ഇതോടെ വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തുന്ന ഗോത്ര ഊരുകളിലെ കുടുംബങ്ങൾ ദുരിതത്തിലായിരുന്നു. 4,000 ലിറ്റർ തേനാണ് വനം വകുപ്പിൻറെ ഇക്കോഷോപ്പുകളിൽ വിൽക്കാനായി സ്റ്റോക്കുള്ളത്. അസംസ്കൃതമായി ശേഖരിക്കുന്ന കാട്ടുതേൻ സംസ്കരിച്ച് ലേബൽ ചെയ്ത് വനം വകുപ്പിൻ്റെ ബ്രാൻഡാക്കിയാണ് വനംവകുപ്പ് ഇക്കോഷോപ്പുകളിൽ വിൽപ്പന നടത്തിയിരുന്നത്. ജനുവരി മുതൽ മേയിൽ മഴ തുടങ്ങുന്നത് വരെയാണ് തേൻ സീസൺ.

മുൻ കാലങ്ങളിൽ ഐടിഡിപി പട്ടികവർഗ കോളനികൾ കേന്ദ്രീകരിച്ച് സൊസൈറ്റികൾ മുഖേന ആദിവാസികൾ ശേഖരിക്കുന്ന മുഴുവൻ തേനും വാങ്ങിയിരുന്നു. വന സംരക്ഷണ സമിതികൾ (വിഎസ്എസ്) വന്നപ്പോൾ കിലോക്ക് 500 രൂപ പ്രകാരം തേൻ ശേഖരിച്ചിരുന്നു.

കഴിഞ്ഞ മൂന്ന് വർഷമായി സൊസൈറ്റികൾ തേൻ ശേഖരിക്കുന്നില്ല. ഏറ്റവും ഗുണമേൻമയേറിയ തേൻ എന്ന നിലയിൽ കാട്ടുതേന് ആവശ്യക്കാർ ഏറെയുണ്ടെങ്കിലും കാട്ടുതേൻ വാങ്ങാൻ സർക്കാർ സംവിധാനമില്ലാത്തതിനാൽ വിപണിയിൽ വലിയ തോതിൽ വിലയിടിവുമുണ്ട്.

മുമ്പു സൊസൈറ്റികൾ മാത്രം വിൽപ്പന നടത്തിയിരുന്നപ്പോൾ തമിഴ്നാട്ടിൽ നിന്ന് വരെ ആവശ്യക്കാരുണ്ടായിരുന്നു.

# ആനതുരത്തൽ നാലാംഘട്ടം: ആദ്യദിവസം ആനകളെ കണ്ടെത്തിയില്ല

ഇരിട്ടി: ആറളം ഫാമിൽ നിന്നും ആനകളെ തുരത്തുന്നതിൻറെ നാലാംഘട്ടത്തിന് തുടക്കമായി. പുനരധിവാസ മേഖലയിൽ ബ്ലോക്ക് 13ലെ ഓടക്കാട് ഭാഗത്ത് ഇന്നലെ ഉച്ചകഴിഞ്ഞ് മൂന്നോടെയാണ് നാലാഘട്ട തുരത്തൽ ആരംഭിച്ചത്. ആദ്യദിവസം നടത്തിയ തെരച്ചിലിൽ കാട്ടാനകളെ കണ്ടെത്താനായില്ല.

ആനകൾ കോട്ടപ്പാറ ഭാഗത്തെ ഫെൻസിംഗിനും പുനരധിവാസ മേഖലയ്ക്കും നടുവിലുള്ള പ്രദേശത്ത് തമ്പടിച്ചിരിക്കുന്നതായാണ് വനംവകുപ്പിൻറെ നിഗമനം. രാത്രിയിൽ ആനകൾ അവിടെ നിന്നും പുറത്തേക്ക് വരാതിരിക്കാൻ കോട്ടപ്പാറ മേഖലയിൽ പേട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കൃഷിയിടത്തിൽ തൊഴിലാളിയെ കാട്ടാന ആക്രമിച്ച് പരിക്കേൽപിച്ചതോടെ തൊഴിലാളികളുടെ പ്രതിഷേധം ശക്തമായ സാഹചര്യത്തിലാണ് തുരത്തൽ നടപടി പുനഃരാരംഭിച്ചത്.

ആറളം വൈൽഡ് ലൈഫ് വാർഡൻ ജി. പ്രദീപ്, കൊട്ടിയൂർ റെയിഞ്ചർ സുധീർ നേരോത്ത്, ആർആർടി ഡപ്യൂട്ടി റെയിഞ്ചർ ഷൈനി കുമാർ, ഇരിട്ടി ഡപ്യൂട്ടി റെയിഞ്ചർ കെ. ജിജിൽ, മണത്തണ എസ്എഫ്ഒ മഹേഷ് ആർആർടി അംഗംങ്ങൾ, വനപാലകർ വാച്ചർമാർ എന്നിവരും ചേർന്നാണ് നാലാംഘട്ട തുരത്തൽ നടത്തുന്നത്.

ഇന്നലെയും ഇന്നുമായി തെരച്ചിൽ നടത്തി പുനരധിവാസ മേഖലയിലെ ആനകളെ വനത്തിലേക്ക് കടത്തിവിടുകയും ബുധൻ, വ്യാഴം ദിവസങ്ങളിൽ ഫാമിലെ കൃഷിയിടങ്ങളിൽ ആനകൾ അവശേഷിക്കുന്നുണ്ടെങ്കിൽ അവയെകൂടി കാട്ടിലേക്ക് തുരത്തുകയാണ് ലക്ഷ്യം. പുനരധിവാസ മേഖലയിൽ ആനകൾ തമ്പടിക്കുന്ന സ്ഥലങ്ങളിൽ നിന്നും പടക്കം പൊട്ടിച്ചും ശബ്ദം പുറപ്പെടുവിച്ചുമാണ് തുരത്തുക. ഇതുവരെ തുരത്തിയത് 23 ആനകളെ

ആദ്യ മൂന്ന് ഘട്ടങ്ങളിലായി നടത്തിയ തുരത്തൽ ദൗത്യത്തിലൂടെ 23 ആനകളെ വനത്തിലേക്ക് കയറ്റി വിടാനായിരുന്നു. എന്നാൽ, തുരത്തിയ ആനകളിൽ ചിലത് താത്കാലിക സോളാർ വേലി തകർത്ത് വീണ്ടും പുനഃരധിവാസ മേഖലയിലേക്ക് തിരിച്ചെത്തിയിട്ടുണ്ട്. ഫാമിലെ കൃഷിയിടത്തിൽ ഇനിയും 20 ഓളം ആനകൾ ഉണ്ടെന്നാണ് വിലയിരുത്തൽ.

# ലോക്സഭാ തെരഞ്ഞെടുപ്പ്; വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു

കൽപ്പറ്റ: ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിൻറെ ഭാഗമായി സ്വീപ്പിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ വിജയിച്ചവർക്കുള്ള സമ്മാനങ്ങൾ ജില്ലാ കളക്ടർ ഡോ. രേണുരാജ് വിതരണം ചെയ്തു. 'ഉറപ്പാണ് എൻറെ വോട്ട്' എന്ന സന്ദേശത്തോടെയാണ് ജില്ലയിൽ സ്വീപ്പിൻറെ നേതൃത്വത്തിൽ പ്രചാരണം നടത്തിയത്.

വിദ്യാർഥികൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ സംഘടിപ്പിച്ച വൈവിധ്യമാർന്ന ബോധവത്കരണ പരിപാടികൾ തെരഞ്ഞെടുപ്പ് കമ്മീഷൻറെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശിക്കുകയും അഭിനന്ദനം ലഭിക്കുകയും ചെയ്തതായി ജില്ലാ കളക്ടർ അറിയിച്ചു.

സ്വീപ്പിൻറെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന് മാതൃകയാണെന്നും ജില്ലാ കളക്ടർ പറഞ്ഞു. സ്വീപ്പ് നോഡൽ ഓഫീസർ പി. യു. സിത്താരയെയും ടീമിനെയും ജില്ലാ കളക്ടർ അഭിനന്ദിച്ചു. പൊതുജനങ്ങൾക്കിടയിൽ വോട്ടവകാശ വിനിയോഗത്തിൻറെ അവബോധവുമായി എത്തിയ വയനാടൻ തുന്പി 'സ്വീറ്റി' ഇലക്ഷൻ മസ്ക്കോട്ടായി എത്തിയത് തെരഞ്ഞെടുപ്പിൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞു. എഡിഎം കെ. ദേവകിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് റൗണ്ട് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എൻ. എം. മെഹ്റലി, അസിസ്റ്റൻറ് റിട്ടേണിംഗ് ഓഫീസർമാരായിരുന്ന സി. മുഹമ്മദ് റഫീഖ്, ഇ. അനിതകുമാരി, ആർ. ആർ. ഡെപ്യൂട്ടി കളക്ടർ കെ. ഗോപിനാഥ്, നെഹ്റു യുവ കേന്ദ്ര കോഓർഡിനേറ്റർ കെ. എ. അഭിജിത്ത്, തഹസിൽദാർമാർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# സുഗന്ധഗിരി മരംമുറി: ഒരു ഉദ്യോഗസ്ഥനുകൂടി സ്ഥലംമാറ്റം

കൽപ്പറ്റ: സുഗന്ധഗിരി മരംമുറിയുമായി ബന്ധപ്പെട്ട് കൽപ്പറ്റ ഫ്ളൈയിംഗ് സ്ക്വാഡ് റേഞ്ച് ഓഫീസർ എം. പി. സജീവിനെ സ്ഥലംമാറ്റി. വടകര, കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലേക്കാണ് സ്ഥലം മാറ്റം. കെ. പി. ജിൽജിത്തിനെ കൽപ്പറ്റ ഫ്ളൈയിംഗ് സ്ക്വാഡിലേക്ക് നിയമിച്ചു.

ഗ്രേഡ് ഡെപ്യൂട്ടി ബീരാൻ കുട്ടിയെയും സ്ഥലം മാറ്റും. ഇതോടെ അന്വേഷണ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട പതിനെട്ട് ഉദ്യോഗസ്ഥർക്കുമെതിരേ നടപടി പൂർത്തിയായി. സുഗന്ധഗിരിയിൽ നിന്ന് കോഴിക്കോട്ടേക്കും വരദൂരിലേക്കും വൈത്തിരിയിലേക്കും മരം കൊണ്ടുപോയി,

ഉദ്യോഗസ്ഥർ അനധികൃതമായി പാസ് നൽകി, പാസിൽ സർക്കാർ മുദ്ര പതിച്ചില്ല, ഡിഎഫ്ഒ ഷജ്ന ഫീൽഡ് പരിശോധന നടത്തിയില്ല, റേഞ്ച് ഓഫിസർ നീതു കൃത്യവിലോപം നടത്തി തുടങ്ങി ഉദ്യോഗസ്ഥരുടെ ഗുരുതര കൃത്യവിലോപം വ്യക്തമാക്കിയായിരുന്നു റിപ്പോർട്ട്.

# കുഴൽക്കിണർ ലോറിയിൽ കടത്തിയ ഡീസൽ പിടികൂടി

മാഹി: മൂലക്കടവിലെ പെട്രോൾ പന്പിൽ നിന്ന് കുഴൽക്കിണർ ലോറിയിൽ കടത്തുകയായിരുന്ന 3500 ലിറ്റർ ഡീസൽ കേരള പോലീസ് പിടികൂടി. മാഹികേരള അതിർത്തിയായ കോപ്പാലത്ത് വച്ച് തലശേരി ഡിവൈഎസ്പി സിബി ടോം, ന്യൂമാഹി എസ്ഐ യു. കെ. അനീഷ് എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് ഡീസൽ കടത്ത് പിടികൂടിയത്. രഹസ്യ വിവരത്തെ തുടർന്ന് ഇന്നലെ ഉച്ച കഴിഞ്ഞ് മൂന്നോടെ നടത്തിയ വാഹന പരിശോധനയിലാണ് ഡീസൽ കടത്തുന്നത് പിടികൂടിയത്.

കുഴൽക്കിണർ കുഴിക്കാനുള്ള യന്ത്രസാമഗ്രികൾ ഘടിപ്പിച്ച ലോറിയിൽ പ്രത്യേക അറ നിർമിച്ച് ഇതിലും കുഴൽക്കിണർ നിർമാണത്തിനുള്ള കംപ്രസറിനുള്ളിലും നിറച്ച നിലയിലായിരുന്നു ഡീസൽ. മാഹിയിൽ നിന്ന് പട്ടാന്പിലേയിക്ക് പോകുന്നതായിരുന്നു ലോറി. ഡ്രൈവർ പട്ടാന്പി സ്വദേശി വി. ജെ. ഷൗക്കത്തലിയെയും സഹായിയായ ഇതര സംസ്ഥാനക്കാരനായ യുവാവിനെയും ഡീസൽ കടത്താൻ ഉപയോഗിച്ച തമിഴ്നാട് രജിസ്ട്രേഷനിലുള്ള കുഴൽക്കിണർ ലോറിയും കസ്റ്റഡിയിലെടുത്തു.

# തെറ്റായ മദ്യനയം പൂർണമായും പിൻവലിക്കണം: മദ്യനിരോധന സമിതി

പാലക്കാട്: മദ്യത്തിൻറെ ഉപഭോഗവും ലഭ്യതയും പടിപടിയായി കുറയ്ക്കാൻ ഉതകുന്ന നയം പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത് സംസ്ഥാനത്ത് വീണ്ടും അധികാരത്തിൽ വന്ന ഇടതുസർക്കാർ ലഹരിമുക്ത കേരളമാണ് ലക്ഷ്യമെന്ന് പറയുന്പോഴും മദ്യകേരളം സൃഷ്ടിക്കാനുതകുന്ന നയമാണ് ആവർത്തിച്ച് പിന്തുടരുന്നത്.

വാക്ക് പാലിച്ച് തെറ്റായ മദ്യ നിയം പൂർണ്ണമായും തിരുത്താൻ സംസ്ഥാന സർക്കാർ തയ്യാറാവണമെന്ന് കേരള മദ്യനിരോധന സമിതി പാലക്കാട് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡൻറ് അക്ബർ ബാദുഷ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡൻറ് പി. മോഹനകുമാരൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ സെക്രട്ടറി പി. വി. സഹദേവൻ, ജില്ലാ ട്രഷറർ ടി. എൻ. ചന്ദ്രൻ, സംസ്ഥാന കമ്മിറ്റിയംഗം എം. മുഹമ്മദ് ബഷീർ, ജില്ലാ ജോ. സെക്രട്ടറി കെ. മണികണ്ഠൻ, എം. സുഭാഷ് കുമാർ, ഡോ. എ. കെ. ഹരിദാസ്, ഡോ. വി. ഗോപാലകൃഷ്ണൻ, പി. ഉണ്ണികൃഷ്ണൻ, പ്രവീൺ കുപ്പത്തിൽ എന്നിവർ പ്രസംഗിച്ചു.

മലപ്പുറത്ത് മെയ് 18 ന് നടക്കുന്ന 46ാം ആം സംസ്ഥാന സമ്മേളനം വിജയിപ്പിക്കുന്നതിന് യോഗം തീരുമാനിച്ചു.

# ആവേശമായി 'പുസ്തകത്തൊട്ടിൽ': 50, 000 രൂപയുടെ കുട്ടിപ്പുസ്തകങ്ങൾ വിതരണം ചെയ്തു

താമരശേരി: കൊടുവള്ളി ബിആർസിയുടെ നേതൃത്വത്തിൽ ആരംഭിച്ച 'പുസ്തകത്തൊട്ടിൽ' കുട്ടിപ്പുസ്തക ശേഖരണ യജ്ഞം ആവേശമാവുന്നു. കാന്പയിൻറെ ഭാഗമായി ഓമശേരി പഞ്ചായത്തിലെ എട്ടു സ്കൂളുകളിലേക്ക് അന്പതിനായിരം രൂപ ചെലവഴിച്ച് 786 ബാല സാഹിത്യ കൃതികൾ വിതരണം ചെയ്തു.

പ്രൈമറി വിഭാഗം കുട്ടികളുടെ അവധിക്കാല വായന പരിപോഷിപ്പിക്കുന്നതിന് വേണ്ടി മതിയായ പുസ്തകങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കൊടുവള്ളി ബിആർസി ശ്രദ്ധേയമായ ഈ മാതൃകാ പദ്ധതിക്ക് തുടക്കം കുറിച്ചത്.

ഏപ്രിലിൽ സംഘടിപ്പിച്ച ബാലസാഹിത്യ പുസ്തകമേളയിൽ വച്ച് സ്കൂൾ തല സമിതികൾ വാങ്ങിയ പുസ്തകങ്ങൾക്കു പുറമേയുള്ള അധിക പുസ്തക സമാഹരണമാണ് പഞ്ചായത്ത് തല സംഘാടക സമിതിയുടെ നേതൃത്വത്തിൽ ഓമശേരിയിൽ പ്രത്യേകമായി നടത്തിയത്.

വായനാ തൽപരരായ പൊതുജനങ്ങളിൽ നിന്നും ധനകാര്യവാണിജ്യസേവന സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിച്ച ഫണ്ടുപയോഗിച്ചാണ് പുസ്തകങ്ങൾ സമാഹരിച്ച് വിതരണം ചെയ്തത്. പുസ്തക ശേഖരണ യജ്ഞം പഞ്ചായത്ത് പ്രസിഡൻറ് പി. കെ. ഗംഗാധരൻ ഉദ്ഘാടനം ചെയ്തു.

പഞ്ചായത്ത് വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ യൂനുസ് അന്പലക്കണ്ടി അദ്ധ്യക്ഷത വഹിച്ചു. വി. എം. മെഹറലി (ബിപിസി) പദ്ധതി വിശദീകരിച്ചു. പഞ്ചായത്തംഗങ്ങളായ പി. അബ്ദുൽ നാസർ, സൈനുദ്ദീൻ കൊളത്തക്കര, ഓമശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡൻറ് കെ. കെ. അബ്ദുല്ലക്കുട്ടി, പ്രധാനാധ്യാപകരായ ഷാഹിന (പുത്തൂർ സ്കൂൾ),

എ. വി. ഷമീർ (വിദ്യാപോഷിണി, ഓമശ്ശേരി), സംഘാടക സമിതി ജനറൽ കൺവീനർ യു. പി. അബ്ദുൽ ഖാദർ, ബിആർസി പ്രതിനിധികളായ ഇ. ഖദീജ, കെ. കെ. റുബീന, ടി. പി. റോഷ്ന, വി. ജീന, ടി. കെ. റഷീദ, കെ. ഖദീജ എന്നിവർ സംസാരിച്ചു.

# സമൃദ്ധ കുടുംബം: സാന്പത്തിക സഹായം വിതരണം ചെയ്തു

മാനന്തവാടി: ഡബ്ല്യുഎസ്എസ്എസിൻറെ സമൃദ്ധ കുടുംബം ഒന്നാം ഘട്ട പദ്ധതിയിൽ അംഗങ്ങളായ 100 കുടുംബങ്ങൾക്ക് സാന്പത്തിക സഹായം വിതരണം ചെയ്തു.

സമൂഹത്തിൽ നിർധനരും നിരാശ്രയരുമായി കഷ്ടപ്പെടുന്ന കുടുംബങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിന് ഉള്ള പദ്ധതിയാണ് സമൃദ്ധകുടുംബം. വിവിധങ്ങളായ കാരണങ്ങളാൽ സാന്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങൾക്ക് സുസ്ഥിര വരുമാന മാർഗവും അന്തസുറ്റ ജീവിതാവസ്ഥയും ഉറപ്പാക്കുക വഴി അവരെ സമൂഹത്തിൻറെ മുഖ്യ ധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്നതാണ് സമൃദ്ധ കുടുംബം പദ്ധതിയുടെ ലക്ഷ്യം.

പദ്ധതിയിൽ അംഗമായിരിക്കുന്ന കുടുംബത്തിന് പ്രതിമാസം 1500 രൂപ വീതം അഞ്ച് വർഷം പദ്ധതി സഹായം നൽകി. കൂടാതെ ഈ അംഗങ്ങളെ ഉൾപ്പെടുത്തി സ്വാശ്രയ സംഘങ്ങളും തുല്യ ബാധ്യത സംഘങ്ങളും രൂപീകരിച്ച് ബാങ്കുകളിനിന്നും വായ്പകൾ എടുത്ത് വിവിധ വരുമാന മാർഗങ്ങൾ ആരംഭിക്കുകയും ചെയ്തു.

അഞ്ച് വർഷം പൂർത്തീകരിച്ച കുടുബങ്ങളുടെ അവസാന ഗഡു തുക വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ വിതരണം ചെയ്തു.

പ്രോഗ്രാം ഓഫീസർ പി. എ. ജോസ് അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കോ ഓർഡിനേറ്റർ ചിഞ്ചു മരിയ പദ്ധതി വിശദീകരണം നടത്തി.

ഫീൽഡ് കോ ഓർഡിനേറ്റർമാരായ ഷീന ആൻറണി, ആലിസ് സിസിൽ, ഷില്ലി ജോസഫ്, ബിൻസി വർഗീസ്, ജിനി ഷിനു എന്നിവർ പ്രസംഗിച്ചു.

# പ്രധാന അധ്യാപകരെ ഉച്ചഭക്ഷണ ചുമതലയിൽ നിന്നും മാറ്റണം: കെപിപിഎച്ച്എ

കൽപ്പറ്റ: പ്രധാനാധ്യാപകരെ ഉച്ചഭക്ഷണ ചുമതലയിൽ നിന്നും ഒഴിവാക്കി അത് മറ്റേതെങ്കിലും സംവിധാനത്തിൽ കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് കെപിപിഎച്ച്എ വയനാട് ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

കൽപ്പറ്റ ഹരിതഗിരി ഓഡിറ്റോറിയത്തിൽ നടന്ന ജില്ലാ സമ്മേളനവും യാത്രയയപ്പുയോഗവും സംസ്ഥാന ജനറൽ സെക്രട്ടറി സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡൻറ് ശ്രീധരൻ പ്രഭാഷണം നടത്തി. ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന ജില്ലാ പ്രസിഡൻറ് കെ. ജെ. ജോസഫ് അടക്കമുള്ളവർക്ക് യാത്രയപ്പു നൽകി.

ജില്ലാ വൈസ് പ്രസിഡൻറ് ജെ. എസ്. ചിത്ര അധ്യക്ഷത വഹിച്ചു. സെക്രട്ടറി സജി ജോൺ, വനിതാ ഫോറം കൺവീനർ പി. ജെ. ജാസി, ട്രഷറർ ബിനോജ് ജോൺ എന്നിവർ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറിയായി സജി ജോണും പ്രസിഡൻറായി ജെ. എസ്. ചിത്ര, ട്രഷററായി ബിനോജ് ജോൺ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

# നിലമ്പൂരിൽ ഹജ്ജ് വാക്സിനേഷൻ പൂർത്തിയായി

നിലമ്പൂർ: ഹജ്ജ് കർമത്തിന് പുറപ്പെടുന്ന തീർഥാടകർക്ക് ആരോഗ്യവകുപ്പ് നടത്തുന്ന നിലമ്പൂർ, വണ്ടൂർ മണ്ഡലങ്ങളിൽ ഉൾപ്പെട്ട ഹാജിമാർക്കുള്ള വാക്സിനേഷൻ നിലമ്പൂർ ജില്ലാ ആശുപത്രിയിലും സി. എച്ച് സെൻ്ററിലുമായി നടന്നു. ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. ഷിനാസ് ബാബു വാക്സിനേഷൻ തുള്ളിമരുന്ന് ഹജ്ജ് തീർഥാടകന് നൽകി ഉദ്ഘാടനം ചെയ്തു. ഡോ. കെ. കെ. പ്രവീണ, ഡോ. അബ്ദുൾ റൗഫ്, ഹജ്ജ് ട്രെയിനിംഗ് ഓർഗനൈസർമാരായ അബ്ദുൾഹക്കീം, മാനു ഹാജി, പി. എച്ച്. ഇബ്രാഹിംകുട്ടി, എച്ച്ഐ അഞ്ജന, ജഐച്ച്ഐമാരായ അനീഷ്, വിജയലക്ഷ്മി, ജെപിഎച്ച്എൻമാർ, എംഎൽഎച്ച്ഐമാർ, വോളണ്ടിയർമാർ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.

277 ഹജ്ജ് തീർഥാടകർക്കാണ് പ്രതിരോധ കുത്തിവയ്പ് നൽകിയത്. മെഡിക്കൽ ക്യാമ്പിൽ എസ്ബിഐ ബാങ്ക് പ്രതിനിധികൾ സൗദി റിയാൽ ആവശ്യക്കാർക്ക് വിതരണം ചെയ്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വെസ്റ്റ് നൈൽ പനി, ജില്ലകൾക്ക് ജാഗ്രതാ നിർദേശം

തിരുവനന്തപുരം: മലപ്പുറം, കോഴിക്കോട്, തൃശൂർ ജില്ലകളിൽ വെസ്റ്റ് നൈൽ പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജില്ലകൾക്ക് ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. വെസ്റ്റ് നൈൽ പനിയെ പ്രതിരോധിക്കാൻ കൊതുക് നിവാരണവും ഉറവിട നശീകരണവും പ്രധാനമാണ്. കഴിഞ്ഞയാഴ്ച നടന്ന ആരോഗ്യ വകുപ്പിന്റെ ഉന്നതതല യോഗത്തിൽ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ ശക്തമാക്കാൻ നിർദേശം നൽകിയിരുന്നു. പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ ജില്ലാ മെഡിക്കൽ ഓഫിസർമാർക്ക് നിർദേശം നൽകി. ജില്ലാ ഭരണകൂടങ്ങളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ നടത്താനും നിർദേശം നൽകി. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് വിവിധ ഭാഗങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചു. അവബോധ പ്രവർത്തനങ്ങൾ ശക്തമാക്കാനും നിർദേശം നൽകി. 2011 മുതൽ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ വെസ്റ്റ് നൈൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ആശങ്കപ്പെടേണ്ട കാര്യമില്ല. പനിയോ മറ്റ് രോഗ ലക്ഷണങ്ങളോ ഉണ്ടെങ്കിൽ ഉടൻ തന്നെ ചികിത്സ തേടേണ്ടതാണെന്നും മന്ത്രി അഭ്യർത്ഥിച്ചു.

ജപ്പാൻ ജ്വരത്തിന് സമാനമായ രോഗ ലക്ഷണങ്ങളോടെയാണ് വെസ്റ്റ് നൈൽ പനിയും കാണാറുള്ളത്. എന്നാൽ ജപ്പാൻ ജ്വരത്തെ പോലെ രോഗം ഗുരുതരമാകാറില്ല. എങ്കിലും ജാഗ്രത പാലിക്കണം. കൊതുകിന്റെ ഉറവിട നശീകരണത്തിന് പ്രാധാന്യം നൽകണം. വ്യക്തികൾ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. വെള്ളം കെട്ടിനിൽക്കാതെ നോക്കണം.

### എന്താണ് വെസ്റ്റ് നൈൽ?

ക്യൂലക്സ് കൊതുക് പരത്തുന്ന ഒരു പകർച്ചവ്യാധിയാണ് വെസ്റ്റ് നൈൽ. ജപ്പാൻ ജ്വരത്തെപ്പോലെ അപകടകരമല്ല. ജപ്പാൻ ജ്വരം സാധാരണ 18 വയസിന് താഴെയുള്ള കുട്ടികളെയാണ് ബാധിക്കുന്നതെങ്കിൽ വെസ്റ്റ് നൈൽ പനി മുതിർന്നവരിലാണ് കാണുന്നത്. രണ്ടും കൊതുകുവഴി പകരുന്ന രോഗമാണ്. ജപ്പാൻ ജ്വരത്തിന് വാക്സിൻ ലഭ്യമാണ്.

### രോഗപ്പകർച്ച

ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട കൊതുകാണ് വെസ്റ്റ് നൈൽ പനി പ്രധാനമായും പരത്തുന്നത്. പക്ഷികളിലും രോഗബാധയുണ്ടാകാറുണ്ട്. 1937ൽ ഉഗാണ്ടയിലാണ് ഈ വൈറസിനെ ആദ്യമായി കണ്ടെത്തിയത്. 2011ൽ ആലപ്പുഴയിലാണ് സംസ്ഥാനത്ത് ആദ്യമായി ഈ രോഗം റിപ്പോർട്ട് ചെയ്തത്.

### രോഗലക്ഷണങ്ങൾ

തലവേദന, പനി, പേശിവേദന, തലചുറ്റൽ, ഓർമ്മ നഷ്ടപ്പെടൽ എന്നിവയാണ് പ്രധാന രോഗലക്ഷണങ്ങൾ. രോഗബാധയുണ്ടായ ഭൂരിപക്ഷം പേരിലും പലപ്പോഴും രോഗലക്ഷണങ്ങൾ പ്രകടമായി അനുഭവപ്പെടാറില്ല. ചിലർക്ക് പനി, തലവേദന, ഛർദ്ദി, ചൊറിച്ചിൽ തുടങ്ങിയ ലക്ഷണങ്ങൾ കാണാം. ഒരു ശതമാനം ആളുകളിൽ തലച്ചോറിനെ ബാധിക്കുന്നതുമൂലം ബോധക്ഷയവും ചിലപ്പോൾ മരണം വരെയും സംഭവിക്കാം. എന്നാൽ ജപ്പാൻ ജ്വരത്തെ അപേക്ഷിച്ച് താരതമ്യേന മരണ നിരക്ക് കുറവാണ്.

### രോഗപ്രതിരോധവും ചികിത്സയും

വെസ്റ്റ് നൈൽ വൈറസിനെതിരായ മരുന്നുകളോ വാക്സിനോ ലഭ്യമല്ലാത്തതിനാൽ രോഗലക്ഷണങ്ങൾക്കനുസരിച്ചുള്ള ചികിത്സയും പ്രതിരോധവുമാണ് പ്രധാനം. കൊതുകുകടി എൽക്കാതിരിക്കുകയാണ് എറ്റവും നല്ല പ്രതിരോധ മാർഗം.

ശരീരം മൂടുന്ന വിധത്തിൽ വസ്ത്രം ധരിക്കുക, കൊതുകു വല ഉപയോഗിക്കുക, കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ പുരട്ടുക, കൊതുകുതിരി, വൈദ്യുതിയിൽ പ്രവർത്തിക്കുന്ന കൊതുക് നശീകരണ ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുക തുടങ്ങിയവ ഫലപ്രദമാണ്. കൂടാതെ കൊതുകിന്റെ ഉറവിട നശീകരണവും പ്രധാനമാണ്. സ്വയം ചികിത്സ രോഗത്തെ സങ്കീർണമാക്കും. ആരംഭത്തിൽ തന്നെ ചികിത്സിച്ചാൽ ഭേദമാക്കാവുന്നതാണ്.

# അനിലയെ കൊന്നത് കഴുത്തിൽ ഷാളിട്ട് മുറുക്കി

പയ്യന്നൂർ: താക്കോലേൽപ്പിച്ച് ടൂറിനുപോയ അന്നൂർ കൊരവയൽ റോഡിലെ റിട്ട. മിലിട്ടറി ഉദ്യോഗസ്ഥൻറെ വീട്ടിൽ മാതമംഗലത്തെ ഭർതൃമതിയായ യുവതി മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിലെ ദുരൂഹതയഴിച്ച് പോലീസ്. ആസൂത്രിതമായ കൊലപാതകമാണു നടന്നതെന്നതിൻറെ കൂടുതൽ വിവരങ്ങളാണിപ്പോൾ പുറത്തുവരുന്നത്.

വെള്ളരിയാനം കരിപ്പാപൊയിലിലെ റബർ തോട്ടത്തിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയ ആൺ സുഹൃത്താണ് കൊല നടത്തിയതെന്നതിൻറെ തെളിവുകളാണ് പയ്യന്നൂർ സ്റ്റേഷൻ ഓഫീസർ ജീവൻ ജോർജിൻറെ നേതൃത്വത്തിലുള്ള സംഘം കണ്ടെത്തിയത്.

ഇന്നലെ രാവിലെയാണ് പയ്യന്നൂർ അന്നൂർ കൊരവയൽ റോഡിലെ വീട്ടിലെ അടുക്കള ഭാഗത്ത് മാതമംഗലം കോയിപ്രയിലെ ടി. വി. ബിജുവിൻറെ ഭാര്യ അനില ( 33 )യുടെ മൃതദേഹം കണ്ടെത്തിയത്. അതേസമയം അനിലയുടെ സുഹൃത്തായ മാതമംഗലം കുറ്റൂർ വെള്ളരിയാനം ഇരൂളിലെ കുരിയംപ്ലാക്കൽ സുദർശനപ്രസാദ്( ഷിജു34)നെ ഇയാൾ ടാപ്പിംഗ് നടത്തുന്ന റബർ തോട്ടത്തിൽ തൂങ്ങിമരിച്ച നിലയിലും കണ്ടെത്തിയിരുന്നു.

അന്നൂരിലെ വീട്ടുടമസ്ഥനും കുടുംബവും പരിചയക്കാരനായ സുദർശനപ്രസാദിനെ വീടിൻറെ താക്കോലേൽപ്പിച്ചാണ് കഴിഞ്ഞ വെള്ളിയാഴ്ച വൈകുന്നേരം ആറരയോടെ വിനോദയാത്രക്കായി പോയത്. ഇതിനിടയിൽ ഇയാൾ ശനിയാഴ്ച രാവിലെ പതിനൊന്നോടെ കാമുകിയായ അനിലയെ ഈ വീട്ടിലേക്കു കൂട്ടിക്കൊണ്ടുവന്നുവെന്നാണ് പോലീസിൻറെ നിഗമനം.

വീട്ടിലെത്തിയശേഷം അനിലയുടെ കഴുത്തിൽ ഷാളിട്ടുമുറുക്കി കൊന്നുവെന്നാണ് പോലീസിൻറെ കണ്ടെത്തൽ. മൂക്കിൽനിന്നു കുമിളകൾ വരുന്ന നിലയിലും കൺതടത്തിനു താഴെ ചോരയൊഴുകുന്ന നിലയിലും മലർന്നുകിടക്കുന്നതായും കണ്ടെത്തിയ മൃതദേഹത്തിൻറെ മുഖം ഷാളുകൊണ്ടു മറച്ച നിലയിലായിരുന്നു.

ശനിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിനു മുമ്പേ അനില മരിച്ചതായാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട് വ്യക്തമാക്കുന്നത്. കരുതിക്കൂട്ടിയുള്ള കൊലപാതകത്തിലേക്കാണു സംഭവം വിരൽ ചൂണ്ടുന്നത്. കൃത്യം നടത്തിയശേഷം ഇവിടംവിട്ട സുദർശനപ്രസാദ് ആത്മഹത്യ ചെയ്യാനായി പരിയാരം പോലീസ് സ്റ്റേഷൻ പരിധിയിലെ കടയിൽനിന്നു കയർ വാങ്ങിയതായി പോലീസ് കണ്ടെത്തിയിട്ടുണ്ട്.

അനിലയുടെ മരണം ഉറപ്പാക്കിയശേഷം ഇയാൾ അന്നൂരിലെ വീട്ടിൽനിന്നു പോയ സമയമേതെന്ന് കണ്ടെത്താൻ നിരീക്ഷണ കാമറ ദൃശ്യങ്ങളുടെ പരിശോധനയിലാണ് പോലീസ്.

സഹോദരൻറെ വീടിൻറെ ഉൾവശത്തെ മുറിയിൽ അനില എന്ന സ്ത്രീ മരണപ്പെട്ടു കിടക്കുന്നതായി കാണപ്പെട്ടുവെന്നും മരണകാര്യത്തിൽ സംശയമുണ്ടെന്നും വീട്ടുടമയുടെ സഹോദരൻ തായിനേരിയിൽ താമസിക്കുന്ന എൻ. ജെ. വർഗീസിൻറെ പരാതിയിലാണ് പയ്യന്നൂർ പോലീസ് കേസെടുത്തിരിക്കുന്നത്.

സുദർശന പ്രസാദും മാതമംഗലത്തെ ഫർണിച്ചർ ഷോപ്പിൽ ജോലിചെയ്യുന്ന അനിലയും തമ്മിൽ പഠന കാലത്തുള്ള അടുപ്പമാണു പ്രണയമായി വളർന്നതെന്നും ഇയാളുടെ ദാമ്പത്യത്തിലെ തകർച്ചകൾക്കു കാരണമായെന്നുമാണു പുറത്തുവരുന്ന വിവരം.

ഇക്കാരണത്താൽ സുദർശന പ്രസാദിൻറെ ഭാര്യ നിഷയും രണ്ടു മക്കളും ഇയാളിൽനിന്നകന്ന് എറണാകുളത്തെ വീട്ടിലാണു താമസം. ഇതിലുള്ള മാനസിക വിഷമത്തിലാണ് ഇയാൾ ആത്മഹത്യ ചെയ്തതെന്നാണ് ഇയാളുടെ സഹോദരൻ പരിയാരം പോലീസിന് നൽകിയ മൊഴിയിലുള്ളത്. ദാമ്പത്യം തകരാൻ കാരണമായ അനിലയോടുള്ള വെറുപ്പാണ് കൊലപാതകത്തിൽ കലാശിച്ചതെന്നാണ് ഇതുവരെയുള്ള അന്വേഷണത്തിൽ വ്യക്തമാകുന്നത്.

# പുനലൂർചെങ്കോട്ട റെയിൽവേ ലൈനിൽ പ്ലാറ്റ്ഫോമുകളുടെ ഉയരം കൂട്ടുന്നു

കൊല്ലം: പുനലൂർചെങ്കോട്ട റെയിൽവേ ലൈനിൽ വിവിധ സ്റ്റേഷനുകളിൽ താഴ്ന്ന നിലയിലുള്ള പ്ലാറ്റ്ഫോമുകളുടെ ഉയരം വർധിപ്പിക്കുന്നു. ഇതിൻറെ ഭാഗമായി ന്യൂ ആര്യങ്കാവ് സ്റ്റേഷനിൽ പ്ലാറ്റ്ഫോമിൻറെ പൊക്കം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു.

ചെങ്കോട്ടയ്ക്കും പുനലൂരിനും മധ്യേ എട്ട് സ്റ്റേഷനുകളാണുള്ളത്. ഇത് കൂടാതെ പുനലൂർ മുതൽ കൊല്ലത്തിന് മുമ്പുള്ള കിളികൊല്ലൂർ സ്റ്റേഷനും മധ്യേയുള്ള ചില സ്റ്റേഷനുകളിലും പ്ലാറ്റ്ഫോമുകൾക്ക് ഉയരക്കുറവുണ്ട്. ഇവയുടെ ഉയരവും വർധിപ്പിക്കും.

അതിനുശേഷം പ്ലാറ്റ്ഫോമുകളുടെ നീളം കൂട്ടുന്ന ജോലികളും ആരംഭിക്കും. ചെങ്കോട്ട കൊല്ലം റൂട്ടിൽ കിളികൊല്ലൂർ സ്റ്റേഷൻ വരെ മധുര ഡിവിഷന് കീഴിലാണ്. ചെങ്കോട്ടപുനലൂർ റൂട്ടിൽ സമ്പൂർണ വൈദ്യുതീകരണം അടുത്തിടെയാണ് പൂർത്തിയായത്.

അതിനു ശേഷം ചെങ്കോട്ടകൊല്ലം റൂട്ടിൽ ഓടുന്ന ഏതാനും വണ്ടികളിൽ കോച്ചുകളുടെ എണ്ണം 14 ൽ നിന്ന് 18 ആയി ഉയർത്തുകയുണ്ടായി. ഏപ്രിൽ ആദ്യവാരം മുതലാണ് കോച്ചുകളുടെ എണ്ണം വർധിപ്പിച്ചത്.

ചെങ്കോട്ട കൊല്ലം റൂട്ടിൽ പ്ലാറ്റ്ഫോമുകളുടെ എണ്ണം ഉയരം വർധിപ്പിക്കുകയും നീളം കൂട്ടുകയും ചെയ്താൽ 22 എൽഎച്ച്ബി കോച്ചുകളുള്ള ട്രെയിനുകളും 24 ഐസിഎഫ് കോച്ചുകളുമുള്ള ട്രെയിനുകൾ സർവീസ് നടത്താൻ കഴിയും. അതിന് മുന്നോടിയായാണ് ചെറിയ പ്ലാറ്റ്ഫോമുകളുടെ പൊക്കവും നീളവും അടിയന്തിരമായി വർധിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

മാത്രമല്ല കൊല്ലത്ത് നിന്ന് ചെങ്കോട്ട വഴി മധുരയ്ക്ക് വന്ദേ ഭാരത് എക്സ്പ്രസ് സർവീസ് നടത്തുന്നതിന്റെ സാധ്യതകളും റെയിൽവേ മന്ത്രാലയം പരിശോധിച്ച് വരികയാണ്. ഈ സാഹചര്യത്തിൽ കൊല്ലം ചെങ്കോട്ട റൂട്ടിലെ പ്രധാന സ്റ്റേഷനുകളിലെ പ്ലാറ്റ്ഫോമുകളെല്ലാം മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്താനാണ് അധികൃതരുടെ തീരുമാനം.

ആര്യങ്കാവ്, തെന്മല, ആവണീശ്വരം, കൊട്ടാരക്കര, എഴുകോൺ, കുണ്ടറ, കിളികൊല്ലൂർ സ്റ്റേഷനുകളിൽ പ്ലാറ്റ്ഫോമുകൾക്ക് നീളക്കുറവുണ്ട്.

# പറമ്പിക്കുളം ആളിയാർ ജലം: കനാൽ വഴി വിതരണം ചെയ്യണം

ചിറ്റൂർ: പറമ്പിക്കുളം ആളിയാർ കരാറിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വെള്ളത്തിൻറെ അളവ് കൂട്ടണമെന്നും പുഴയിലേക്കുള്ള ജല വിതരണം കനാൽ വഴി കമ്പലത്തറ ഏരിയിൽ എത്തിച്ച് അവിടെ നിന്നാക്കണമെന്നും ഡിസിസി വൈസ് പ്രസിഡൻറ് സുമേഷ് അച്യുതൻ ആവശ്യപ്പെട്ടു. 250 ഘന അടി വെള്ളം കേരളം ആവശ്യപ്പെട്ടിട്ടും 88 ഘന അടി വെള്ളമാണ് നിലവിൽ ലഭിക്കുന്നത്. ഇത് കുടിവെള്ള പദ്ധതികൾക്കു വേണ്ടത്ര വെള്ളമില്ലാത്ത സാഹചര്യമുണ്ടാക്കി. ജലവർഷം അവസാനിക്കാറായിട്ടും ലഭിക്കേണ്ട 7.25 ടിഎംസി വെള്ളത്തിൽ 5.32 ടിഎംസി വെള്ളം മാത്രമാണ് മേയ് നാലു വരെ ലഭിച്ചിട്ടുള്ളത്.

കേരളത്തിനു അർഹതയുള്ള വെള്ളം നേടിയെടുക്കാൻ കഴിവില്ലാത്ത ഭരണകൂടമാണ് ഭാരതപ്പുഴയോരത്ത് നിലവിലെ കുടിവെള്ള ക്ഷാമത്തിനും വിളയുണക്കത്തിനും കാരണക്കാർ. മൂലത്തറയിലെത്തുന്ന പറമ്പിക്കുളം വെള്ളം കനാൽ വഴി കമ്പാലത്തറയിലെത്തിച്ച് വിതരണം ചെയ്താൽ ആയിരക്കണക്കിന് കിണറുകൾ റീചാർജ് ആക്കാൻ കഴിയും. കൂടാതെ 10, 000 കണക്കിന് തെങ്ങുകൾ ജല ദൗർലഭ്യം മൂലം ഉണക്കം നേരിടുകയാണ്.

ഇതിനു പ്രതിവിധിക്കൊപ്പം കനാലിനോടു ചേർന്നുള്ള കൃഷിയിടങ്ങളിൽ കാലിത്തീറ്റയ്ക്കുള്ള പുല്ല് ഉണങ്ങാതിരിക്കാനും ജലസേചനം കനാൽ വഴിയാക്കണം. അധികൃതർ അടിയന്തരമായി ഇടപെട്ട് പറമ്പിക്കുളം വെള്ളത്തിൻറെ ലഭ്യത കൂട്ടിയില്ലെങ്കിൽ പ്രത്യക്ഷ സമരത്തിലേക്ക് നീങ്ങേണ്ടി വരുമെന്നും സുമേഷ് അച്യുതൻ പറഞ്ഞു.

# ഷൊർണൂരിൽ ചെറുകിട കുടിവെള്ള പദ്ധതികൾ ഉടൻ പുനരാരംഭിക്കും

ഷൊർണൂർ: ഷൊർണൂർ നഗരസഭ പ്രദേശത്തെ ചെറുകിട കുടിവെള്ള പദ്ധതികൾ യുദ്ധകാല അടിസ്ഥാനത്തിൽ പുനരാരംഭിക്കാൻ തീരുമാനം. ഷൊർണൂർ നഗരസഭാ ചെയർമാൻ എം. കെ. ജയപ്രകാശ് ആണ് ഇത് സംബന്ധിച്ച നിർദേശം നൽകിയത്. പദ്ധതികൾക്ക് വൈദ്യുതി ബിൽ കുടിശികയുണ്ടെങ്കിൽ ഇത് എത്രയും പെട്ടെന്ന് അടച്ചുതീർക്കാനും നിർദേശം നൽകിയിട്ടുണ്ട്. ഒരാഴ്ചകൂടി വിതരണം ചെയ്യാനുള്ള വെള്ളം മാത്രമേ ഭാരതപ്പുഴയിൽ നിലവിലുള്ളു എന്ന സാഹചര്യം മുൻനിർത്തിയാണ് നടപടി.

അതിനുമുമ്പായി മഴ ലഭിച്ചില്ലെങ്കിൽ ഗുരുതരമായ അവസ്ഥയിലേക്ക് കാര്യങ്ങളെത്തും. നഗരസഭാ പ്രദേശത്തെ ചെറുകിട കുടിവെള്ളപദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പുനരാരംഭിക്കുന്നതു വഴി കുടിവെള്ള പ്രശ്നം മറികടക്കാനാവുമോയെന്നാണ് പരീക്ഷിക്കുന്നത്. ഷൊർണൂർ സമഗ്ര കുടിവെള്ള പദ്ധതി ആരംഭിച്ചപ്പോൾ നിർത്തിയ ചെറുകിടപദ്ധതികളാണ് പുനരാരംഭിക്കുന്നത്.

പദ്ധതികളുടെ വൈദ്യുതിബിൽ കുടിശിക ഗുണഭോക്തൃസമിതികളാണ് അടയ്ക്കണ്ടത്. വൈദ്യുതി ലഭിക്കുന്നതോടെ യുദ്ധകാലാടിസ്ഥാനത്തിൽ ചെറുകിട കുടിവെള്ളപദ്ധതിയുടെ പൈപ്പുകൾ നിലവിലെ ജല അഥോറിറ്റിയുടെ വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കാനും ചെയർമാൻ നിർദേശിച്ചു. കണയം, ചുവന്നഗേറ്റ്, മുണ്ടായ, കാരക്കാട്, നെടുങ്ങോട്ടൂർ, ഗണേശ്ഗിരി എന്നിവിടങ്ങളിലെ ചെറുകിട പദ്ധതികളാണ് പുനരാരംഭിക്കുക. ഇതിൽ കണയത്തെയും ചുവന്നഗേറ്റിലെയും പദ്ധതികൾ ജല അഥോറിറ്റിയുടെയും മറ്റെല്ലാം നഗരസഭയുടെയും കീഴിലാണ്. ഷൊർണൂർ നഗരസഭ, വാണിയംകുളം, ചളവറ പഞ്ചായത്ത് എന്നിവിടങ്ങളിലേക്കും ഷൊർണൂരിൽ നിന്ന് വെള്ളം വിതരണംചെയ്യുന്നുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമായതോടെ ജലഅഥോറിറ്റിയുടെ പൈപ്പുകളിൽനിന്ന് അനധികൃതമായി കുടിവെള്ളം ദുരുപയോഗം ചെയ്യുന്നവർക്കെതിരേ വൻ പിഴ ചുമത്താനും തീരുമാനിച്ചിട്ടുണ്ട്.

തോട്ടം നന, കിണറുകളിലേക്ക് നേരിട്ട് പൈപ്പിടുക, വാഹനങ്ങൾ കഴുകുക എന്നിയെല്ലാം കുറ്റമായി കണക്കാക്കും.

# ഇസ്രയേലിലെ അൽ ജസീറ ഓഫീസിൽ റെയ്ഡ്; സംപ്രേക്ഷണം നിർത്തിച്ചു

ജോർദാൻ: അൽ ജസീറയുടെ ഓഫീസായി ഉപയോഗിച്ചിരുന്ന ജറുസലേമിലെ ഹോട്ടൽ മുറിയിൽ റെയ്ഡ്. ഇസ്രയേലിൽ അൽ ജസീറയുടെ ഇംഗ്ലീഷ്, അറബി ചാനലുകൾക്ക് പ്രവർത്തനനുമതി വിലക്കിയതിന് പിന്നാലെയാണ് നടപടി.

ഹോട്ടൽ മുറിയിൽ ഉദ്യോഗസ്ഥർ കാമറ ഉപകരണങ്ങൾ പൊളിച്ചുമാറ്റുന്നതിൻറെ വീഡിയോ ഓൺലൈനിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. അൽ ജസീറ പക്ഷപാതപരമായി വാർത്തകൾ നല്കുന്നുവെന്നുവെന്നും ദേശസുരക്ഷയ്ക്കു ഭീഷണിയാണെന്നും വ്യക്തമാക്കിയാണ് കാബിനറ്റ് ഈ തീരുമാനം കൈക്കൊണ്ടത്.

അൽ ജസീറയ്ക്ക് പൂട്ടിടുന്ന കാര്യം എക്സിലൂടെയാണ് ബെഞ്ചമിൻ നെതന്യാഹു അറിയിച്ചത്. 'ഇസ്രയേലിൽ അൽ ജസീറയുടെ പ്രവർത്തനം നിർത്തുന്നു, ഇത് സർക്കാരിൻറെ ഏകകണ്ഠമായ തീരുമാനമാണ്'. നെതന്യാഹു എക്സിൽ കുറിച്ചു. ഹമാസിൻറെ ദൂതർക്ക് ഇസ്രയേലിൽ അഭിപ്രായസ്വാതന്ത്ര്യം ഉണ്ടാകില്ലെന്ന് ഇസ്രയേൽ മന്ത്രി സ്ലോമോ കാർഹി നെതന്യാഹുവുമായിചേർന്നുള്ള സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. അൽ ജസീറ ഉടൻതന്നെ പൂട്ടി ഉപകരണങ്ങൾ കണ്ടുകെട്ടുമെന്നും മന്ത്രി അറിയിച്ചിരുന്നു. അതേസമയം, ഈ നീക്കം ക്രിമിനൽ നടപടിയാണെന്നും തങ്ങൾക്കെതിരെയുള്ള ആരോപണം അപകടകരവും പരിഹാസ്യവുമായ നുണയാണെന്നും അൽ ജസീറ പ്രതികരിച്ചു. 140ലധികം പലസ്തീൻ മാധ്യപ്രവർത്തകർക്ക് ഗാസയിലെ യുദ്ധത്തിൽ ജീവൻ നഷ്ടമായെന്നും മാധ്യപ്രവർത്തകരെ ലക്ഷ്യംവെക്കുന്നത് കുറ്റകരമാണെന്നും അൽ ജസീറ ചൂണ്ടിക്കാട്ടുന്നു.

# എളവള്ളി ഗ്രാമപഞ്ചായത്തിൻെറ കരുതല്; വാകപ്പുഴയ്ക്ക് ശാപമോക്ഷം

ചിറ്റാട്ടുകര: വാകപ്പുഴയ്ക്ക് ശാപമോക്ഷമൊരുക്കി ജലസംരക്ഷണ രംഗത്ത് എളവള്ളി ഗ്രാമപഞ്ചായത്തിൻറെ മാതൃകാ പ്രവർത്തനം.

എളവള്ളി ഗ്രാമപഞ്ചായത്തിൻറെയും തോളൂർ ഗ്രാമപഞ്ചായത്തിൻറെയും അതിർത്തിപങ്കിടുന്ന വാകപ്പുഴയിലെ തടസങ്ങൾ നീക്കിയതോടെ ഇനി സ്വതന്ത്രമായി ഒഴുകാം. പുഴയിൽ നീരൊഴുക്കിന് തടസമായി നിൽക്കുന്ന മൺതിട്ടകളും പാറക്കെട്ടുകളും കൈതക്കാടുകളും നീക്കംചെയ്തുകൊണ്ടാണ് ഗ്രാമപഞ്ചായത്ത് ഈ അഭിമാനനേട്ടം കൈവരിക്കുന്നത്. പുഴയിൽനിന്ന് ലഭ്യമാകുന്ന ചെളിയും മണ്ണും പ്രത്യേകമായ സ്ഥലത്ത് നിക്ഷേപിച്ച് പിന്നീട് ലേലം ചെയ്യും.

പുഴയുടെ സ്വാഭാവിക ഒഴുക്കിന് തടസം നേരിടുന്നതുമൂലം വാകപ്പുഴ കരകവിഞ്ഞ് കാക്കത്തിരുത്ത് പ്രദേശത്ത് എല്ലാവർഷവും വെള്ളംകയറി ഗതാഗതം തടസപ്പെടാറുണ്ടായിരുന്നു. പദ്ധതി പൂർത്തീകരിക്കുന്നതോടെ കാക്കത്തിരുത്ത് പ്രദേശത്തെ നിരന്തര വെള്ളപ്പൊക്ക ഭീഷണി ഇല്ലാതാക്കാനും വേനൽക്കാലത്ത് വാഴാനി ഡാമിൽനിന്നു തുറന്നുവിടുന്ന വെള്ളം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ധാരാളമായി സംഭരിക്കാനും കഴിയുമെന്ന് എളവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജിയോ ഫോക്സ് പറഞ്ഞു.

2023 24 വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നു 15 ലക്ഷം രൂപയാണ് പദ്ധതിക്കായി നീക്കിവച്ചത്. പ്രസ്തുത തുക മൈനർ ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത് ടെൻഡർ നടപടികൾ പൂർത്തീകരിച്ചാണ് പദ്ധതി ആരംഭിച്ചത്. 600 മീറ്റർ ദൂരമാണ് ഈ വർഷത്തെ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വരും വർഷങ്ങളിൽ തുടർ പദ്ധതിക്കായി കൂടുതൽ പണം വകയിരുത്താനാണ് ഗ്രാമപഞ്ചായത്ത് തീരുമാനം.

# നെല്ല് സംഭരണത്തിൽ മില്ലുടമ അനാസ്ഥ കാണിക്കുന്നതായി പരാതി

ചിറ്റൂർ: നല്ലേപ്പിള്ളി അരണ്ടപ്പള്ളം പാടശേഖത്തിലെ മൂന്ന് കർഷകരുടെ നെല്ല് സപ്ലൈകോ ഉദ്യോഗസ്ഥർ അളവും തൂക്കവും നിർണയിച്ച് ചീട്ട് നൽകി 15 ദിവസത്തിലേറെയായിട്ടും മില്ലുടമയുടെ ഏജൻറ് നെല്ല് എടുക്കാൻ കൂട്ടാക്കുന്നില്ലെന്ന് പരാതി.

ലോറിക്കാവശ്യമായ നെല്ല് ഇല്ല എന്നതാണ് കാരണമായി പറയുന്നത്. അരണ്ടപള്ളം പാടശേഖരത്തിൽ കുന്നംകാട്ടുപതി കനാലിൻറെ പാറക്കാൽ ബ്രാഞ്ചിലെ ബണ്ട് തകർച്ച കാരണം നിരവധി കർഷകർ വിള ഇറക്കിയില്ല. രാധാകൃഷ്ണൻ, പൊന്നുസ്വാമി, ചന്ദ്രൻ എന്നിവരുടെ 100 ൽ പരം ചാക്ക് നെല്ലാണ് ലോറിക്ക് ലോഡിനുള്ള നെല്ല് ഇല്ല എന്ന കാരണത്താൽ നെല്ല് അളക്കൽ നീണ്ടുപോകുന്നത്.

വലിയ ലോറിക്ക് നെല്ല് ഇല്ലെങ്കിൽ ചെറിയ വാഹനം വിട്ട് എടുക്കണമെന്ന വ്യവസ്ഥയും പാലിക്കപ്പെടുന്നില്ല. കർഷകർ കൃഷിഭവനിലും മറ്റും പറഞ്ഞെങ്കിലും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. സപ്ലൈകോ ഉദ്യോഗസ്ഥർ ചീട്ട് കൊടുത്താൽ നിശ്ചിത ദിവസത്തിനുള്ളിൽ നെല്ല് എടുക്കണമെന്ന് വ്യവസ്ഥയുണ്ട്. നെല്ല് സംഭരണം സമയബന്ധിതമായി നടക്കാൻ കർഷകൻ പാടശേഖര സമിതി, കൃഷിഭവൻ, സപ്ലൈകോ ഉദ്യോഗസ്ഥർ, മില്ലുടമകൾ എന്നിവരുടെ ചുമതലകൾ നിശ്ചിത സമയത്തിനുള്ളിൽ നടത്തുന്നുണ്ടോ എന്ന് മോണിറ്ററിംഗ് നടത്താൻ വേണ്ട സംവിധാനം ഏർപ്പെടുത്തണമെന്നും ഇല്ലെങ്കിൽ ഉത്തരവാദി കേരള സർക്കാരാണ് എന്ന് പറയാൻ അവസരമൊരുക്കലാകുമെന്നും മൂച്ചിക്കുന്ന് പാടശേഖര സമിതി സെക്രട്ടറി വി. രാജൻ അരണ്ടപ്പള്ളം, പാടശേഖര സമിതി പ്രസിഡൻറ് വി. പൊന്നുസ്വാമി, സമിതിയംഗം കെ. രാധാകൃഷ്ണൻ എന്നിവർ ചൂണ്ടിക്കാട്ടി.

# വിഷം കഴിച്ച നിലയിൽ കണ്ടെത്തിയ ഗ്രേഡ് എസ്ഐ മരിച്ചു

കാസർഗോഡ്: പോലീസ് ക്വാർട്ടേഴ്സിൽ വിഷം കഴിച്ച നിലയിൽ കണ്ടെത്തി ചികിത്സയിലായിരുന്ന ഗ്രേഡ് എസ്ഐ മരിച്ചു. കാസർഗോഡ് ബേഡകം സ്റ്റേഷനിലെ ഗ്രേഡ് എസ്ഐ വിജയൻ ആണ് മരിച്ചത്.

കഴിഞ്ഞ തിങ്കളാഴ്ചയാണ് വിഷം ഉള്ളിൽ ചെന്ന നിലയിൽ ഇദ്ദേഹത്തെ കണ്ടെത്തിയത്. പിന്നാലെ മംഗലാപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പിന്നീട് നില വഷളായതോടെ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റിയിരുന്നു.

ഒരു കേസുമായി ബന്ധപ്പെട്ടുണ്ടായ കടുത്ത മാനസിക സംഘർഷം മൂലമാണ് വിജയൻ ജീവനൊടുക്കാൻ കാരണമെന്നാണ് ബന്ധുക്കളുടെ ആരോപണം. ലോക്സഭാ തെരഞ്ഞെടുപ്പ് പോളിംഗ് ദിവസമുണ്ടായ തർക്കവുമായി ബന്ധപ്പെട്ട കേസിലെ സിപിഎം സമ്മർദമാണ് എസ്ഐ ജീവനൊടുക്കാൻ കാരണമെന്ന് കോൺഗ്രസ് നേതൃത്വവും ആരോപിക്കുന്നു.